I ഇ.ബി. XII-കേരള നിയമസഭ/II–5

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 സെപ്റ്റംബർ 26, ചൊവ്വ

നിയമസഭ രാവിലെ 8–30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സാധനങ്ങളുടെ വില വർദ്ധനവ്

മി.സ്പീക്കർ: പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവുമൂലം പൊറുതിമുട്ടിയ ഇന്നത്തെ സാഹചര്യത്തിൽ ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സാധനങ്ങൾക്ക് ഗണ്യമായ തോതിൽ വില വർദ്ധിപ്പിച്ചിരിക്കുന്നു. തൻമൂലം പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് തീവിലയായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ അടൂർ പ്രകാശ്, തോമസ്

ചാഴികാടൻ, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിലെ ജനങ്ങളെ പൊതുവെ ബാധിക്കുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് മുൻ ഭക്ഷ്യമന്ത്രിയടക്കമുള്ളവർ ഉന്നയിച്ചിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനായി സിവിൽ സപ്ളൈസ് കോർപ്പറേഷൻ, സപ്ളൈകോ എന്നീ രണ്ട് സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഗുണനിലവാരമുള്ള സാധനങ്ങൾ പൊതുകമ്പോള വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനും ഈ സ്ഥാപനങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും ഈ ഗവണ്മെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയാനും ന്യായവിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ 1102 വിവിധ വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. റേഷൻ കടകളെ ശബരി സ്റ്റോറുകളായി മാറ്റുകയും മാവേലിസ്റ്റോറിലെ വിലയ്ക്കുതന്നെ പ്രസ്തുത സ്റ്റോറുകളിലൂടെ വിൽപന നടത്തിവരികയും ചെയ്യുന്നു. പരമാവധി റേഷൻ കടകളെ ശബരി സ്റ്റോറുകളാക്കി മാറ്റാൻ പദ്ധതിയിട്ടിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ റേഷൻ കടകളിലൂടെ പോഷകമൂല്യമുള്ള ആട്ട മിതമായ വിലയ്ക്ക് റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യുന്നതിനും എല്ലാ കടകളിലും സ്റ്റോക്കും വിലവിവരപട്ടികയും പ്രദർശിപ്പിക്കാൻ നിഷ്കർഷിക്കുകയും വ്യാപാര സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തി വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ പ്രൈസ് മോണിറ്ററിംഗ്

സെല്ലുകൾ രൂപീകരിച്ച് വിലനിലവാരം അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗോതമ്പ്, പയർ വർഗ്ഗങ്ങൾ എന്നിവയുടെ പൂഴ്ത്തിവയ്പ് തടയാൻ നിയമപ്രകാരം നടപടികൾ എടുത്തു വരുന്നു. എഫ്.സി.ഐ–ൽനിന്നും സ്റ്റോക്ക് എടുക്കുന്നതിനും റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അത് നിശ്ചിത ഗുണ മേന്മയിലും അളവിലും റേഷൻ മൊത്തവ്യാപാര ഡിപ്പോകളിലും ചില്ലറ വിൽപനശാലകളിലും എത്തുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ബന്ധപ്പെട്ട താലൂക്ക് സപ്ളൈ ഓഫീസർമാർക്കും റേഷനിംഗ് ഇൻസ്പെ ക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ 4 വിജിലൻസ് സ്ക്വാഡുകളും ജില്ലാ–താലൂക്ക് തലത്തിൽ സിവിൽ സപ്ളൈസ് ജീവനക്കാർക്കുപുറമേ ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ, സബ് ഇൻസ്പെക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശനമായ പരിശോധന കൾ നടത്തിവരുന്നുമുണ്ട്. ഇതിനുപുറമേ ജില്ലാ–താലൂക്ക് തലത്തിൽ ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതികൾ രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകി യിട്ടുണ്ട്. റേഷൻ വിതരണത്തിലെ പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ റേഷൻ അദാലത്തുകൾ നടത്തുകയുണ്ടായി. റേഷൻ അദാലത്തുകൾ 3 മാസത്തിലൊരിക്കൽ സംഘ ടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിപണിയിലെ വിലയേ ക്കാൾ 5 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിൽ സിവിൽ സപ്ളൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതാണ്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. അടൂർ പ്രകാശ്</u>: അതീവ ഗുരുതരമായ ഈ പ്രശ്നത്തെ വളരെ ലഘൂകരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം കുതിച്ചുയർന്നു കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അത് എങ്ങനെ പിടിച്ചു നിറുത്താൻ കഴിയും എന്നതിനെക്കുറിച്ച് കൂട്ടായി ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്. പൊതുവിപണിയിൽ വില വർദ്ധിക്കുമ്പോൾ അതിനെ പിടിച്ചുനിറുത്തുന്നതിന് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനുവേണ്ടി യാണ് മാവേലിസ്റ്റോറുകൾ ആരംഭിച്ചത്. ഇന്ന് മാർക്കറ്റ് ഇന്റർവെൻഷൻ കാര്യക്ഷമതയോടുകൂടി നടത്താൻ കഴിയുന്നുണ്ടോ എന്നുള്ളത് പരിശോധി ക്കേണ്ടതാണ്. നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് കൊടുക്കാനുള്ള നടപടികളിലേയ്ക്ക് പോകുന്നതിനുപകരം വിലവർദ്ധനവ് ജനങ്ങളെ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. മുൻ ഗവണ്മെന്റിന്റെ കാലത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചപ്പോൾ ടാക്സ് ഇനത്തിൽ സംസ്ഥാനത്തിനു കിട്ടേണ്ട തുക വേണ്ടെന്നു വയ്ക്കുകയാണ് ചെയ്ത തെങ്കിൽ ഈ ഗവണ്മെന്റ് പെട്രോളിനും ഡീസലിനും വിലവർദ്ധനവുണ്ടായ പ്പോൾ ആ ടാക്സ് വേണ്ടെന്നുവയ്ക്കാൻ തയ്യാറായില്ല. 4 മാസംകൊണ്ട് പല നിത്യോപയോഗ സാധനങ്ങളുടെയും വില 75 ശതമാനത്തിലധികം വർദ്ധിച്ചി രിക്കുന്നു. ഓണക്കിറ്റ് വിതരണം ചെയ്തതിലുണ്ടായ നഷ്ടം നികത്തുന്നതിനു വേണ്ടിയാണ് സാധനങ്ങൾക്ക് വില വർദ്ധിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u>: വിലക്കയറ്റം കേരളത്തിനുമാത്രം നിയന്ത്രിക്കാൻ കഴിയുന്ന കാര്യമല്ല. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ 85 ശതമാനം

നിത്യോപയോഗസാധനങ്ങളും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നത്. ഓണക്കാലത്ത് സപ്ളൈകോ അതിന്റെ പരിമിതിക്കുള്ളിൽനിന്നു കൊണ്ട് യാതൊരു പരാതിയുമില്ലാത്തവിധം പാവപ്പെട്ട ആളുകൾക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിക്കുന്ന കാര്യത്തിൽ ചരിത്രം സൃഷ്ടിച്ചു. ഓണക്കാലത്ത് സാധനങ്ങൾ വില കുറച്ചുകൊടുക്കുകയുണ്ടായി. ശാസ്ത്രീയമായി പരിശോധിച്ചശേഷമാണ് ഇപ്പോൾ വില പ്രസിദ്ധീകരിച്ചത്. കച്ചവടക്കാരെ സഹായിക്കുന്ന യാതൊരു നയവും പാവപ്പെട്ട ജനങ്ങളോട് പ്രതിബദ്ധതയുള്ള ഈ ഗവണ്മെന്റ് സ്വീകരിക്കുകയില്ല. ഓണക്കിറ്റുകളുടെ വിലയുടേയോ ഉള്ളടക്കത്തിന്റേയോ കാര്യത്തിൽ പരാതിയുണ്ടെങ്കിൽ അറിയിച്ചാൽ പരിശോധിക്കാം. പ്രതിപക്ഷത്തിന്റെ ഉപദേശം കൂടി കണക്കി ലെടുത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഗവണ്മെന്റ് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം.മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോയി. ശ്രീ.കെ.കെ.ഷാജുവും സഭയിൽനിന്ന് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : കയർ വ്യവസായ മേഖലയിൽ പണിയെടുക്കുന്ന നാല് ലക്ഷം തൊഴിലാളികളിൽ രണ്ടര ലക്ഷത്തോളംപേർ സഹകരണ മേഖലയിലാണ്. മുൻ ഗവൺമെന്റ് സഹകരണ മേഖലയെ സഹായിക്കാത്തതുമൂലം 90 ശതമാനം സംഘങ്ങളും പ്രവർത്തനരഹിതമാണ്. സ്വകാര്യ മേഖല നന്നായി പ്രവർത്തിക്കുകയും സഹകരണ മേഖല നഷ്ടത്തിലാവുകയും ചെയ്തു. നിശ്ചയിക്കപ്പെടുന്ന കൂലിയും മറ്റ് ആനുകൂല്യങ്ങളും കൊടുക്കേണ്ടിവരുന്നതിനാൽ സഹകരണ മേഖലയിൽ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുതലാണ്. സ്വകാര്യ മുതലാളിമാർ വിൽക്കുന്ന അതേ മാർക്കറ്റിലാണ് സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളും വിൽക്കേണ്ടത്. ഉൽപ്പാദനച്ചെലവിന് അനുസരിച്ച് ഉൽപ്പന്നങ്ങൾക്ക് വില നിശ്ചയിക്കാനും അത് സംഭരിക്കാനും അവസരം ഉണ്ടായില്ലെങ്കിൽ ഇത് ലാഭകരമാവില്ല. ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ യഥാസമയം സംഭരിക്കാനുള്ള ബാധ്യത കയർ ഫെഡ്ഡിനാണ്. പ്രൈമറി സംഘങ്ങൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കയർഫെഡ് വാങ്ങാറില്ല. ഈ ഗവൺമെന്റ് കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ആശ്വാസ നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് തൊഴിലാളികൾക്ക് ഏതാണ്ട് ഒന്നേകാൽ വർഷത്തെ പെൻഷൻ കുടിശ്ശിക കൊടുത്തു. ക്ഷേമനിധിയിലേയ്ക്കുള്ള അംശദായത്തിനുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തത് ഗൗരവമായി കാണണം. സുപ്രീം കോടതിയിൽനിന്ന് വിധി കരസ്ഥമാക്കിക്കൊണ്ട് കയറ്റുമതിക്കാർ ക്ഷേമനിധിയിലേയ്ക്ക് അംശദായം അടയ്ക്കുന്നില്ല. സുപ്രീം കോടതിവിധി

മറികടക്കുന്നതിന് ആവശ്യമായ നിയമ നടപടി ഗവൺമെന്റ് സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റ് കയർ വ്യവസായത്തിനുവേണ്ടി നേരത്തെ പ്രഖ്യാപിച്ച 100 കോടി രൂപ കയർ ബോർഡിലൂടെയാണ് ചെലവഴിക്കുന്നത്. കയർ വ്യവസായത്തിന്റെയും കയർ എക്സ്പോർട്ട് ചെയ്യുന്നതിന്റെയും 90 ശതമാനവും കേരളത്തിലാണ്. അതിന് ആനുപാതികമായ വിഹിതം കയർ ബോർഡിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്നില്ല. കയർ ബോർഡിനെ ഏൽപ്പിക്കുന്ന സംഖ്യ തൊഴിലാളികൾക്കോ സംഘങ്ങൾക്കോ ഗുണകരമായി വീതിക്കാതെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾക്ക് കൊടുക്കുകയാണ്. ഗ്ലോബലൈസേഷന്റെ ഭാഗമായി കൊണ്ടുവന്ന ക്ലസ്റ്റർ സംവിധാനം തൊഴിലുടമകൾക്കും കയറ്റുമതിക്കാർക്കും ഗുണകരമായതാണ്; തൊഴിലാളി കളെ സഹായിക്കുന്നതല്ല. കയർ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനു വേണ്ടി കോടിക്കണക്കിനു രൂപ ചെലവാക്കുന്നുണ്ട്. പരിശീലനം കിട്ടിയ ലക്ഷക്കണക്കിന് തൊഴിലാളികളുള്ളപ്പോൾ പുതിയ ആളുകൾക്ക് പരിശീലനം ആവശ്യമില്ല. പരിചയസമ്പന്നരായ തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ നൽകി സഹകരണ സംഘങ്ങളെ സഹായിക്കണം. സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ ഉൽപ്പന്നങ്ങൾ വാങ്ങാൻ നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് മുമ്പ് ഒരിക്കലും ഇല്ലാത്ത രീതിയിൽ കയർ വ്യവസായത്തെ സഹായിക്കാൻ വകകൊള്ളിച്ചിട്ടുള്ള തുക യഥാസമയം ചെലവഴിക്കണം. എല്ലാ സംഘങ്ങൾക്കും ഒരുപോലെ തുക വിതരണം ചെയ്യണം. തുക ലഭ്യമാക്കുന്നതിന് അടിയന്തിര സംവിധാനം കണ്ടെത്തിയാൽ മാത്രമേ അടഞ്ഞുകിടക്കുന്ന സഹകരണ സംഘങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളു. പതിനൊന്നാം പദ്ധതിയിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും കേരളത്തിന് ന്യായമായ വിഹിതം കിട്ടാനുള്ള

നിർദ്ദേശങ്ങൾ സമർപ്പിക്കണം. കയർത്തൊഴിലാളി ക്ഷേമനിധി ബോർഡ് റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ലഭ്യമായ വിവരം അനുസരിച്ച് കേന്ദ്ര സർക്കാർ പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടേയുള്ളൂ. വിശദാംശങ്ങൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. കയർ മേഖലയ്ക്ക് ആവശ്യമായ പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യുന്നതിന് കയർ ബോർഡ് സെപ്റ്റംബർ 16-ന് ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. തീയതിയുടെയോ സമയത്തിന്റെയോ കാര്യത്തെ സംബന്ധിച്ച് പരസ്പര ധാരണ ഉണ്ടാകാതെ ഏകപക്ഷീയമായി കയർ ബോർഡ് പരിപാടികൾ ആവിഷ്ക്കരിച്ചതുമൂലം സംസ്ഥാന കയർ വകുപ്പിന് അതിൽ ഇടപെടാൻ കഴിഞ്ഞിട്ടില്ല. കയർ വ്യവസായം സംബന്ധിച്ച് കേന്ദ്ര പദ്ധതികളുടെ പട്ടിക തയ്യാറാക്കുമ്പോൾ കേന്ദ്ര സർക്കാർ പൊതുവേ കയർ ബോർഡിന്റെ അഭിപ്രായം മാത്രമാണ് പരിഗണിക്കാറുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം പരിഗണിക്കാത്തതുമൂലം കയർ ബോർഡ് ആവിഷ്ക്കരിക്കുന്ന പല പദ്ധതികളും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിന് അനുകൂലമായി നടപ്പാക്കാൻ കഴിയുന്നില്ല. ഈ കാര്യത്തിലൊക്കെ കാര്യമായ മാറ്റം ആവശ്യമാണ്. ഗവൺമെന്റ് തന്നെ നേരിട്ട് രണ്ട് തവണ കയർ ബോർഡ് ചെയർമാനുമായി ചർച്ച ചെയ്തുവെങ്കിലും പുരോഗതിയുണ്ടായില്ല. എന്നാലും ഈ കാര്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. പതിനൊന്നാം പദ്ധതിയിൽ കയർ മേഖലയ്ക്ക് വേണ്ടുന്ന പരിഗണന നൽകുന്നതിന് ആവശ്യമായ എല്ലാതരം ഇടപെടലുകളും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. റിബേറ്റ്

പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കയർ വ്യവസായത്തെ കാർഷികാധിഷ്ഠിത പരമ്പരാഗത വ്യവസായമായി പരിഗണിച്ചും കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുന്ന കാർഷിക പാക്കേജിൽ കയറിനെ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കയർ വ്യവസായത്തെ മെച്ചപ്പെടുത്തുന്നതിനായി മുൻകാലങ്ങളെ അപേക്ഷിച്ച് പരമാവധി തുക ഈ ഗവൺമെന്റ് പുതുക്കിയ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവ യുമായി സഹകരിച്ച് തൊണ്ട് തല്ല് മെഷീനുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. കയർപിരി സംഘങ്ങളുടേയും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളുടേയും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും പ്രവർത്തനം പുനർജീവിപ്പി ക്കുന്നതിനുമായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്ളാനിംഗ് ബോർഡിന്റെ അംഗീകാരത്തോടെ വ്യക്തമായ മാനദണ്ഡത്തിനു വിധേയമായി ഈ തുക വിതരണം ചെയ്യാൻ ശ്രമിക്കുന്നതാണ്. കയർ സംഘങ്ങളുടെ പ്രതിസന്ധിക്ക് പ്രധാനപ്പെട്ട കാരണങ്ങളായ ചിലരുടെ പ്രതിബദ്ധതയില്ലായ്മയും സാമ്പത്തിക അച്ചടക്കമില്ലായ്മയും തൊഴിൽ രംഗത്തെ വൈദഗ്ദ്ധ്യമില്ലായ്മയുമടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച്, സംഘങ്ങളുടെ മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തി ബഡ്ജറ്റിൽ അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കയർപിരി മേഖലയിലേയും ഉൽപ്പന്ന നിർമ്മാണ മേഖലയിലേയും പ്രതിസന്ധി പരിഹരിക്കുന്നതിനായി ഡിസ്ട്രസ്സ് പർച്ചേസ് ആരംഭിക്കുന്നതി നായി ആറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കയർ കോർപ്പറേഷന്റെ

കൈവശമുണ്ടായിരുന്ന രണ്ട് കോടി രൂപയും ചേർത്ത് എട്ടര കോടി രൂപയുടെ കയറും കയർ ഉൽപ്പന്നങ്ങളും സംഭരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി തൊഴിലാളി സംഘടനകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനും കർശനമായ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തി സംഭരിച്ച ഉൽപ്പന്നങ്ങൾ പൂർണ്ണമായി വിൽക്കാനും കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ചെറുകിട ഉൽപ്പാദകരിൽനിന്നും സംഘങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള തീരുമാനം എടുക്കുകയും സംഭരണ കാലാവധി ഒക്ടോബർ 15 വരെ നീട്ടുകയും ചെയ്തിട്ടുണ്ട്. കയർഫെഡ്, കയർ കോർപ്പറേഷൻ, വൻകിട കയറ്റുമതിക്കാർ എന്നിവരുമായി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംഭരിച്ച ഉൽപ്പന്നങ്ങൾ വാങ്ങാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചിട്ടുമുണ്ട്. ഈ സംവിധാനം കുറച്ചുകൂടി കാര്യക്ഷമവും വിപുലവുമാക്കി പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് സ്ക്കീം നടപ്പിലാക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ചും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കയർ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി സർക്കാർ ലോണുകളും പലിശയും ഷെയർ ക്യാപ്പിറ്റലായി മാറ്റുന്നതിനും സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി കഴിഞ്ഞ വർഷം 508 കോടി രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിന്റെ ഒരംശം തൊഴിലാളി ക്ഷേമത്തിനായി നൽകുന്നതിന് സ്വകാര്യ കയറ്റുമതിക്കാർ വിമുഖത പ്രകടിപ്പിക്കുന്നതിനാൽ അവരോട് ന്യായമായ നിലപാടെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കയർത്തൊഴിലാളി ക്ഷേമനിധി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി സെസ്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കഴിഞ്ഞ ഗവണ്മെന്റ്

വരുത്തിയ 31 മാസത്തെ പെൻഷൻ കുടിശ്ശികയിൽ 12 മാസത്തെ കുടിശ്ശികയും ഈ സർക്കാരിന്റെ കാലത്തെ മൂന്നു മാസത്തെ പെൻഷനു മടക്കം 15 മാസത്തെ പെൻഷൻ തുകയായി ആറരക്കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ കയർത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കും. നിലവിലുള്ള ക്ഷേമനിധി ആനുകൂല്യങ്ങളായ വിവാഹ ധനസഹായം രണ്ടായിരം രൂപയായും മരണാനന്തര ധനസഹായം ആയിരം രൂപയായും ചികിൽസാ ധനസഹായം ആയിരം രൂപയായും പ്രസവാനന്തര ധനസഹായം ആയിരം രൂപയായും താൽക്കാലിക അവശതയനുഭവിക്കുന്നവർക്കുള്ള ധനസഹായം 500 രൂപയായും സ്ഥിരാവശതയ്ക്കുള്ള ധനസഹായം 2500 രൂപ യായും വിദ്യാഭ്യാസ ധനസഹായം ബിരുദത്തിന് 750 രൂപയായും പ്രൊഫഷ ണൽ കോഴ്സുകൾക്ക് 3,000 രൂപയായും ഫാമിലി പെൻഷൻ, അപകട മരണം എന്നിവയ്ക്ക് നൽകുന്ന ധനസഹായം പതിനായിരം രൂപയായും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കയർ ക്ഷേമനിധിയുടെ കീഴിലുള്ള വൃദ്ധജനമന്ദിരത്തിലെ അന്തേവാസികളായ കയർത്തൊഴിലാളികളിൽ 60 വയസ്സ് കഴിഞ്ഞവർക്ക് ദീർഘകാലമായി കൊടുക്കാതിരുന്ന പെൻഷൻ തുക കുടിശ്ശിക സഹിതം കൊടുക്കുന്നതാണ്. തൊഴിലാളികൾക്ക് തൊഴിലിന് വരാൻ കഴിയാത്തതടക്കമുള്ള പ്രശ്നങ്ങളിൽ തൊഴിലാളിക്ഷേമം മുൻനിർത്തിയുള്ള തീരുമാനമെടുക്കുന്നതാണ്.

### (2) കോന്നിയിൽ ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. അടൂർ പ്രകാശ്: കേരളത്തിനുവേണ്ടി അനുവദിച്ച ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി കാർഷിക

സർവ്വകലാശാലയുടെ അധീനതയിലുള്ള ഭൂമി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ഇൻ കേരള എന്നൊരു സ്ഥാപനം കോന്നി കേന്ദ്രമാക്കി തുടങ്ങാൻ തീരുമാനമെടുക്കുകയും അതിനുള്ള ഓർഡർ ഇറക്കുകയും ചെയ്തിരുന്നു. മുഖ്യമന്ത്രി ചെയർമാനും ഭക്ഷ്യ സിവിൽസപ്ളൈസ് വകുപ്പുമന്ത്രി എക്സിക്യൂട്ടീവ് ചെയർമാനും ധനകാര്യ–കൃഷി–വ്യവസായ വകുപ്പുമന്ത്രിമാർ വൈസ്ചെയർമാൻമാരുമായി രൂപീകരിച്ച കൗൺസിൽ കേന്ദ്ര ഗവണ്മെന്റിൽ വിശദമായ പ്രോജക്ടുകൾ സമർപ്പിച്ച് 95.31 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി നടപ്പാക്കാൻ തീരുമാനിച്ച പദ്ധതിയാണിത്. കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം താഴ്ന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ കാർഷിക മേഖലയിൽ ഉണർവ്വുണ്ടാക്കാൻ കഴിയുന്ന സംരംഭമെന്ന നിലയിൽ രൂപം കൊടുക്കാൻ തീരുമാനിച്ച പ്രസ്തുത സ്ഥാപനത്തിന് കേന്ദ്ര ഗവണ്മെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 6–2–05–ൽ ഔപചാരികമായ ഉൽഘാടനം കഴിഞ്ഞ ഈ സ്ഥാപനത്തിന്റെ ചുമതല സിവിൽ സപ്ളൈസ് കോർപ്പറേഷൻ സി.എം.ഡി.ക്കാണ്. പ്രസ്തുത സംരംഭത്തിനായി 100 ഏക്കർ സ്ഥലം ലഭിക്കുന്നതിനായി കൃഷി വകുപ്പുമന്ത്രിയും ഭക്ഷ്യ സിവിൽസപ്ളൈസ് വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് കാർഷിക സർവ്വകലാശാലയുടെ കൈവശമുള്ള ഭൂമി വിട്ടുകിട്ടാനും അവിടെ ഉപയോഗിച്ചുകൊണ്ടിരുന്ന ഉപകരണങ്ങൾ മടക്കിക്കൊണ്ടുപോകുന്നതിനുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിനും ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് ഒരു കോളേജ് അവിടെ സ്ഥാപിക്കാനും തീരുമാനമെടുത്തിരുന്നതാണ്. കേന്ദ്ര ഗവൺമെന്റിൽ കൊടുത്ത പ്രോജക്ടനുസരിച്ച്

20 കോടി രൂപ ചെലവഴിച്ച് ഒരു ലാബ് സെറ്റപ്പ് ചെയ്യാനായി അനുമതി ലഭിക്കുകയും 16–3–06–ന് തുകയുടെ ആദ്യ ഇൻസ്റ്റാൾമെന്റ് അനുവദി ക്കുകയും ചെയ്തു. ഈ സ്ഥാപനം നടത്തുന്നതിന് ഭൂമി വിട്ടുകിട്ടാനായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് വാങ്ങി സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): 22–1–05–ലെ ഗവൺമെന്റ് ഓർഡർപ്രകാരം പത്തനംതിട്ട യിൽ കോന്നി ആസ്ഥാനമാക്കി കേന്ദ്ര സഹായത്തോടെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് കേരള എന്ന പേരിൽ ഒരു സ്ഥാപനം തുടങ്ങുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയ മായി മാത്രമേ ഭൂമി കൈമാറാൻ സാധിക്കൂ എന്ന് കൃഷി വകുപ്പ് അറിയിച്ച തിനെത്തുടർന്ന് കാർഷിക സർവ്വകലാശാല പ്രതിനിധിയും സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് പ്രതിനിധിയും ഭക്ഷ്യഗവേഷണ കൗൺസിൽ പ്രതിനിധിയും ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി. കോന്നിയിലുള്ള രണ്ട് ബ്ലോക്കിലും വെള്ളത്തിന്റെ ലഭ്യതയില്ലെന്നും മഴവെള്ളം സംഭരിച്ചാൽ ത്തന്നെ അതിന്റെ ഗുണനിലവാരം നല്ലതല്ലെന്നുമാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട്. ജോയിന്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് കാർഷി ക സർവ്വകലാശാല അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല, സ്ഥലം വിട്ടുതരാൻ വൈമുഖ്യമുണ്ടെന്നും യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചു. ഭൂമി കൈമാറ്റം ചെയ്യുന്നതിന് സാധ്യമായില്ലെങ്കിൽ കൃഷി വകുപ്പിന്റെ കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിനായി നടപടികൾ

കൈക്കൊള്ളണമെന്ന് കൃഷി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സ്ഥലം കൈമാറ്റത്തെക്കുറിച്ച് ഏകദേശ ധാരണയിൽ എത്തിയിട്ടുണ്ട്. ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ഭൂമി കൈമാറ്റം സംബന്ധിച്ച അനന്തര നടപടികൾ കൈക്കൊള്ളേണ്ടതിനെപ്പറ്റി തീരുമാനമെടുക്കുന്നതിനും ഭക്ഷ്യ ഗവേഷണ കൗൺസിലിന്റെ യോഗം 3–10–06–ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത യിൽ കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർ നടപടികൾ കൗൺസിൽ മീറ്റിംഗ് കഴിയുമ്പോൾ ഉണ്ടാകുന്നതായിരിക്കും.

**സബ്മിഷൻ**

(1) പേമാരിയും വെള്ളപ്പൊക്കവുംമൂലം നഗരവാസികൾ അനുഭവിക്കുന്ന ദുരിതം

ശ്രീ. വി. ശിവൻകുട്ടി: കഴിഞ്ഞ രണ്ടു ദിവസമായി തുടർച്ചയായി പെയ്യുന്ന മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കംമൂലം തലസ്ഥാന നഗരി യിലെ ജനങ്ങൾ വളരെയധികം ദുരതമനുഭവിക്കുകയാണ്. അത്യന്താധുനിക ശാസ്ത്ര–സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ടെങ്കിലും തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്ക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇതുവരെയും സാധിച്ചിട്ടില്ല. മഴവെള്ളമൊഴുകിപ്പോകുന്നതിനായി പബ്ളിക് വർക്ക്സ്, ഇറിഗേഷൻ എന്നീ ഡിപ്പാർട്ട്മെന്റുകൾ നിർമ്മിച്ചിട്ടുള്ളതും അടഞ്ഞുകിടക്കുന്നതുമായ ഓടകൾ തുറക്കുന്നതിനും സമഗ്രമായൊരു വെള്ളപ്പൊക്ക നിവാരണ പദ്ധതി തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം. കൂടാതെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് സൗജന്യ റേഷനും വസ്ത്രവും മരുന്നും കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. റവന്യൂ, പി.ഡബ്ളിയു.ഡി., ഇറിഗേഷൻ, ഇലക്ട്രിസിറ്റി ബോർഡ് എന്നീ ഡിപ്പാർട്ടുമെന്റുകളെ

ഏകോപിപ്പിച്ചുകൊണ്ട് ടാസ്ക് ഫോഴ്സിനെ നിയോഗിച്ച്, വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കൺട്രോൾ റൂം തുറക്കാനുള്ള നടപടികളും സ്വീകരിക്കണം.

ശ്രീ. എം. എ. വാഹീദ്: വെള്ളപ്പൊക്കം കാരണം തിരുവനന്തപുരം നഗരവാസികൾ അനുഭവിക്കുന്ന ദുരിതത്തിന് പ്രധാനപ്പെട്ട കാരണം നഗരാസൂത്രണത്തിൽ വന്ന പാകപ്പിഴകളും അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങളുമാണ്. ഇത്തരം അനധികൃതമായ നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിക്കാനുള്ള നടപടികൾ തിരുവനന്തപുരം നഗരസഭ സ്വീകരിക്കുന്നില്ല. ഇതിന്റെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുത്ത് വെള്ളമൊഴുക്ക് തടയുന്ന രീതിയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടയിടാൻ നടപടി സ്വീകരിക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് സൗജന്യ റേഷൻ അനുവദിക്കാനും അവിടെ രോഗപ്രതിരോധ നടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇന്നലെയുണ്ടായ കനത്ത മഴയിൽ വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്നലെത്തന്നെ ഏറ്റവും വേഗത്തിൽ ദുരിതാശ്വാസ പ്രവർത്തനം നടത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജില്ലാ കളക്ടർമാരും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ ഒരു മത്സ്യത്തൊഴിലാളി മരണപ്പെട്ടതായി റിപ്പോർട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 400-ഓളം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇനിയും ഇത് കൂടാൻ സാധ്യതയുണ്ട്. ഏതാണ്ട് 2000 പേരെ 14 ക്യാമ്പുകളിലായി മാറ്റിപാർപ്പിച്ചിട്ടുണ്ട്. ഈ വിഷയം ചർച്ച ചെയ്യാൻ നിയമ വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ഇന്നലെ യോഗം കൂടിയിരുന്നു. ഇന്ന് 2 മണിക്ക് ബന്ധപ്പെട്ട മന്ത്രിമാരും എം.എൽ.എ.മാരും ജില്ലാ കളക്ടർമാരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും മേയർമാരും എം.പി.മാരും ബന്ധപ്പെട്ട വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി യോഗം കൂടുന്നുണ്ട്. യോഗത്തിനുശേഷം എം.എൽഎ.മാർ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുന്നതാണ്. ക്യാമ്പുകളിൽ സൗജന്യ റേഷൻ കൊടുക്കാനും ആവശ്യമായ വസ്ത്രവും മരുന്നും ലഭ്യമാക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. തിരുവനന്തപുരത്ത് പ്രത്യേക ടാസ്ക് ഫോഴ്സിനെ രൂപീകരിച്ചു; മറ്റ് ജില്ലകളിലും രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിന് ആരോഗ്യ വകുപ്പ് മുൻകരുതൽ എടുക്കുന്നതാണ്. ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ ഓടകളിലെ തടസ്സങ്ങൾ നീക്കാനും കുളങ്ങൾ നികത്തുന്നത് തടയാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ ഇത്തരം പ്രദേശങ്ങളിൽ ക്യാമ്പുചെയ്ത് പ്രവർത്തനം വിലയിരുത്തുന്നു. ജില്ലാ കളക്ടർമാർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചുകൊടുക്കുന്നതിന് തീരുമാനി ച്ചിട്ടുണ്ട്. വള്ളക്കടവ് ഭാഗത്ത് 10 ദിവസമായി വെള്ളം കെട്ടിനിൽക്കുന്ന സ്ഥിതിവിശേഷം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ലക്കിവാറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. സി. കെ. പി. പത്മനാഭൻ: വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കൊണ്ടുവന്ന ലക്കിവാറ്റ് പദ്ധതി ആകർഷകമാണെങ്കിലും എല്ലായിടത്തും ഈ സൗകര്യം ലഭ്യമല്ല. ഗ്രാമപ്രദേശങ്ങളിലെ ചെറുകിട സ്ഥാപനങ്ങളിൽ ഇതുമൂലം കച്ചവടം കുറയുന്നു എന്നതിനാൽ 500 രൂപ, 250 രൂപ എന്നിങ്ങനെ കുറഞ്ഞ ബില്ലിന് കൂപ്പൺ നൽകാൻ നടപടി സ്വീകരിക്കണം. ഏതൊക്കെ ഉല്പന്നങ്ങൾക്കാണ് ഈ ആനുകൂല്യം

കിട്ടുന്നതെന്ന് വ്യക്തമാക്കണം. കൂപ്പണിനെ സംബന്ധിച്ചും സമ്മാനങ്ങൾ കിട്ടാത്തതിനെക്കുറിച്ചും ആക്ഷേപമുണ്ട്. ചെറിയ തുകകൾ സമ്മാനമായി നൽകാനും ഇതിന് വ്യാപകമായ പ്രചരണം നൽകാനും ജനങ്ങളെ ആകർഷിക്കാനും കഴിയണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ലക്കിവാറ്റ് പദ്ധതിയിൽ തുടക്കത്തിൽ ചില പ്രശ്നങ്ങളുണ്ട്. ചില ഉല്പന്നങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ എല്ലാ കടകളിലും ലക്കിവാറ്റ് കാർഡ് ലഭ്യമല്ല. വാറ്റ് രജിസ്ട്രേഷനുള്ള വ്യാപാരികൾക്കുമാത്രമേ ഇത് ലഭ്യമാകുകയുള്ളൂ. കൂടുതൽ വ്യക്തത വരുത്തുന്നതിനായി പ്രചരണ പ്രവർത്തനം ശക്തിപ്പെടുത്താവുന്നതാണ്. ജനങ്ങളുടെ സമ്മർദ്ദംമൂലം വ്യാപാരികൾ ബിൽ എഴുതി ലക്കിവാറ്റ് കാർഡ് നൽകണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. ജനങ്ങളുടെ താല്പര്യം മുൻനിർത്തി ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഉൾക്കൊള്ളിക്കാവുന്നതാണ്. കഴിഞ്ഞ 3 മാസത്തെ പ്രവർത്തനം വിലയിരുത്തി ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതാണ്. ബിൽ എഴുതാൻ വിസമ്മതിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനുതകുന്ന വകുപ്പ് ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(3) കൊടുങ്ങല്ലൂരിൽ ചെമ്പനേഴത്ത് രാജുവിനെ കൊലപ്പെടുത്തിയ സംഭവം

ശ്രീ. എ. സി. മൊയ്തീൻ: 25-9-2006-ന് പുലർച്ചെ കൊടുങ്ങല്ലൂർ ശ്രീനാരായണപുരത്ത് ഡി.വൈ.എഫ്.ഐ. പ്രവർത്തകനായ ചെമ്പനേഴത്ത് രാജു ബന്ധുവീട്ടിൽ ഉറങ്ങിക്കിടക്കുമ്പോൾ ഒരു സംഘം ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ വീട്ടിനുള്ളിൽ അതിക്രമിച്ച് കയറി ദാരുണമായി വെട്ടിക്കൊലപ്പെടുത്തി. രാജുവിന്റെ ഭാര്യ സന്ധ്യ ആക്രമണത്തിൽ

പരിക്കേറ്റ് എറണാകുളം സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലാണ്. അക്രമം തടയാൻ ചെന്ന ബന്ധുക്കളെ ഭീഷണിപ്പെടുത്തിയാണ് രാജുവിനെ കൊല ചെയ്തത്. വർഷങ്ങളായി ഇവിടെ ആർ.എസ്.എസ്.-ബി.ജെ.പി. ക്രിമിനൽ മാഫിയാ സംഘം അഴിഞ്ഞാടുകയാണ്. ഈ ക്രിമിനൽ സംഘങ്ങൾക്ക് നിശ്ചിത കേന്ദ്രങ്ങളും ആയുധ സന്നാഹങ്ങളുമുണ്ട്. ഇവിടെ പോലീസ് പരിശോധന നടത്തുന്നില്ല. അതിനാവശ്യമായ പോലീസ് ഫോഴ്സും ഇല്ല. കൊടുങ്ങല്ലൂർ ആസ്ഥാനമായി സി.ഐ. ഓഫീസ് ആരംഭിക്കുന്നതിനും രാജുവിന്റെ കൊലപാതകികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യുന്നതിനും നടപടിയുണ്ടാവണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ( <u>ശ്രീ എ.കെ. ബാലൻ</u>): മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽ വെമ്പല്ലൂർ ക്ഷേത്രത്തിനു സമീപം ചെമ്പനേഴത്ത് രാജുവിനെ 25-9-2006 പുലർച്ചെ ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരായ ഒരു സംഘം ആളുകൾ വീട്ടിൽ അതിക്രമിച്ചുകയറി വെട്ടിക്കൊലപ്പെടുത്തി. രാജുവിന്റെ ഭാര്യ സന്ധ്യ ആക്രമണത്തിലേറ്റ ഗുരുതരമായ പരിക്കുകളോടെ എറണാകുളം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ചികിൽസയിലാണ്. അക്രമികളെ തടയാൻ ചെന്ന ബന്ധുക്കളെ ഭീഷണിപ്പെടുത്തിയാണ് സംഘം കൊല നടത്തിയത്. മതിലകം പോലീസ് ഇതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആക്രമണത്തിനുശേഷം ഒളിവിൽ പോയ ആറ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് വലപ്പാട് സി.ഐ.യുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരികയാണ്. കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്ന തിനുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(4) <u>കാർഷിക പാക്കേജിൽ കണ്ണൂർ ജില്ലയെ ഉൾപ്പെടുത്തണമെന്ന ആവശ്യം</u>

<u>ശ്രീ. കെ.സി. ജോസഫ്</u>: കേന്ദ്ര സർക്കാരിന്റെ കാർഷിക പാക്കേജിനു വേണ്ടി സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 5 ജില്ലകളിൽ കണ്ണൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടില്ല. കണ്ണൂരിലെ കാർഷിക രംഗം ഗുരുതരമായ തകർച്ച നേരിടുകയാണ്. അവിടെ കവുങ്ങു കൃഷി പൂർണ്ണമായി നശിച്ചു കഴിഞ്ഞു. കർഷകർ ജപ്തി നടപടികളെ നേരിടുകയാണ്. രോഗം ബാധിച്ച കവുങ്ങ് വെട്ടിമാറ്റുന്നതിന് കവുങ്ങൊന്നിന് 100 രൂപ നിരക്കിൽ നൽകിക്കൊണ്ടിരുന്ന ആനുകൂല്യം ഇപ്പോൾ ലഭ്യമല്ല. കൂമ്പ് ചീയൽ മൂലം തെങ്ങുകൾ നശിക്കുകയാണ്. കാർഷിക പാക്കേജോ അതിന് സമാനമായ മറ്റ് ആശ്വാസ പദ്ധതികളോ കണ്ണൂരിലെ കാർഷിക മേഖലയിൽ നടപ്പാക്കുന്നതോടൊപ്പം തെങ്ങ്, കവുങ്ങ് എന്നിവയുടെ രോഗബാധ തടയുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>): കാർഷിക മേഖലയുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കുന്നതിനും ആത്മഹത്യ ചെയ്ത കർഷകരുടെ സ്ഥിതിവിവരക്കണക്ക് മനസ്സിലാക്കുന്നതിനും പ്ളാനിംഗ് കമ്മീഷന്റെ ഒരു സംഘം ഇക്കഴിഞ്ഞ ജൂലൈയിൽ കേരളം സന്ദർശിച്ചിരുന്നു. സംഘത്തിന്റെ നിർദ്ദേശപ്രകാരം വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളെയും പിന്നീട് ആലപ്പുഴ, ഇടുക്കി ജില്ലകളെയും ഉൾപ്പെടുത്തിയുള്ള സമഗ്ര കാർഷിക വികസന പാക്കേജ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ പ്രതിസന്ധിമൂലം 1999 മുതൽ 2006 വരെ കണ്ണൂർ ജില്ലയിൽ 8 കർഷകർ ആത്മഹത്യ ചെയ്തു. വടക്കൻ ജില്ലകളിലെ കവുങ്ങുകളിൽ കണ്ടുവരുന്ന മഞ്ഞളിപ്പ് രോഗം തടയുന്നതിനായി മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം

2005–06–ൽ 219 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 49.55 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുമുണ്ട്. നാഷണൽ ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി ഹോർട്ടികൾച്ചർ വിളകളുടെ സമഗ്ര വികസനം നടപ്പാക്കി വരുന്നുണ്ട്. ഹോർട്ടികൾച്ചർ വികസനത്തിനായി 2005–06–ൽ 16 ലക്ഷം രൂപയിലധികം ചെലവഴിക്കുകയും 2006–07–ൽ 877.1 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുമുണ്ട്.. കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന 5 ജില്ലകളെയാണ് ഇപ്പോൾ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ കണ്ണൂരിനെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(5) ഭൂമി സംബന്ധമായ രേഖകൾ കാലാനുസൃതമാക്കണമെന്ന ആവശ്യം

ശ്രീ. എം. ചന്ദ്രൻ : ഭൂമി സംബന്ധമായ രേഖകൾ കാലാനുസൃതമായി പരിഷ്ക്കരിച്ച് വില്ലേജ് ഓഫീസുകളിലെ പോക്കുവരവ് നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കണം. തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ല കളിലെ ഭൂമി കൈവശക്കാർ സെപ്റ്റംബർ 30–ന് മുമ്പായി അവരുടെ ആധാര ങ്ങൾ വില്ലേജ് ഓഫീസിൽ എത്തിച്ച് പോക്കുവരവ് നടത്തിയില്ലെങ്കിൽ 1–1–2007 മുതൽ ഭൂമി സംബന്ധമായ യാതൊരു സർട്ടിഫിക്കറ്റുകളും ഭൂ ഉടമകൾക്ക് റവന്യൂ ഓഫീസിൽനിന്നു നൽകുന്നതല്ലെന്ന് ജില്ലാ കളക്ടർ പരസ്യപ്പെടുത്തിയിരുന്നു. എല്ലാ ആധാരങ്ങളുടെയും ഫോട്ടോസ്റ്റാറ്റ് കോപ്പി കളും അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. പെട്ടെന്നുള്ള ഇത്തരം അറിയിപ്പുകൾ ഭൂ ഉടമകളിൽ ആശയക്കുഴപ്പവും ഭീതിയും സൃഷ്ടിച്ചിട്ടുണ്ട്. വ്യാപകമായ പ്രചരണങ്ങളൊന്നും ഇത് സംബന്ധിച്ച് നൽകിയിട്ടില്ല. ആധാരങ്ങൾ പല സ്ഥാപനങ്ങളിലും ബാങ്കു കളിലും പണയപ്പെടുത്തിയിരിക്കുന്നതിനാൽ ഒറിജിനൽ ആധാരം കിട്ടി

യെങ്കിൽ മാത്രമേ അതിന്റെ കോപ്പി  വില്ലേജ് ഓഫീസുകളിൽ ഹാജരാക്കാൻ കഴിയുകയുള്ളൂ. 2006 സെപ്റ്റംബർ 30 എന്നത് 2006 ഡിസംബർ 30 ആക്കണ മെന്നാണ് ഭൂ ഉടമകളുടെ അഭിപ്രായം. കോർട്ട് ഫീ സ്റ്റാമ്പ് കിട്ടാനില്ലാത്തതി നാൽ ആ നിബന്ധന ഒഴിവാക്കണം.  ആധാരത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി സൂക്ഷിക്കാൻ വില്ലേജ് ഓഫീസുകളിൽ സ്ഥലമില്ല. ആധാരത്തിന്റെ കാര്യത്തിൽ നിബന്ധന ഒഴിവാക്കുകയും അതിന് വ്യാപകമായ പ്രചരണം കൊടുത്തുകൊണ്ട് കർഷകരെയും ഭൂ ഉടമകളെയും അറിയിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയും വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ :  മലബാറിൽ ഇത് വളരെ ഗൗരവമായ പ്രശ്ന മാണ്.  അടിയന്തിരമായി ഇതിനൊരു കാലപരിധി തീരുമാനിക്കണം.  കോർട്ട് ഫീ സ്റ്റാമ്പിന്റെ കാര്യം സാമൂഹ്യ പ്രശ്നമായി മാറിയിട്ടുണ്ട്.  കാലാവധി ഒരു മാസം നീട്ടുന്നതുകൂടി പരിഗണിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :  തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ റീസർവ്വേ നടപടികൾ പൂർത്തിയാകാത്തതിനാൽ 1960-ലെ ട്രാൻസ്ഫർ ഓഫ് രജിസ്ട്രി  റൂൾ അനുസരിച്ച് പോക്കുവരവ് നടത്തിയിട്ടില്ല.  ആയത്  കമ്പ്യൂട്ട റൈസേഷനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.  ഈ ജില്ലകളിലെ ഭൂ കൈവശ രേഖകളുടെ ആധാരത്തിന്റെ പരിശോധന നടത്തി പോക്കുവരവ് ചെയ്യാനുള്ള നടപടികൾ നടന്നുവരികയാണ്. വില്ലേജ് ഓഫീസിൽ ഹാജരാക്കപ്പെടുന്ന ആധാരങ്ങൾ കൃത്യമായി സ്വീകരിക്കുന്നതിനും അവ പരിശോധിച്ച് എത്രയും വേഗം തിരിച്ചുനൽകുന്നതിനും മതിയായ കാരണത്താൽ അസ്സൽ ആധാരം ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിൽ സാക്ഷ്യപ്പെടുത്തിയ പകർപ്പു കൾ സ്വീകരിക്കാനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.  ഇത്

സംബന്ധമായി ഭൂ ഉടമകൾക്ക് യാതൊരു ബുദ്ധിമുട്ടും അസൗകര്യങ്ങളും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും കഴിഞ്ഞ ദിവസം ചേർന്ന കോൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്. ബാങ്കുകളിൽനിന്നും പണയപ്പെടുത്തിയ സ്ഥലങ്ങളിൽനിന്നും ഒരു സർട്ടിഫിക്കറ്റ് കൊടുത്താൽ മതിയെന്നും ഇത് കർഷകർക്കും ഭൂ ഉടമകൾക്കും സഹായകരമായ രീതിയിലായിരിക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ഇത്തരം നടപടി വില്ലേജ് ഓഫീസുകളിൽ പോകുന്നവർക്ക് പെട്ടെന്ന് രേഖകൾ കിട്ടാനും ശരിയായ രീതിയിൽ പകർപ്പുകൾ കൊടുക്കാനും അഴിമതി ഇല്ലാതാക്കാനും സഹായകരമാകും. 2006 ഡിസംബർ 31-ന് മുമ്പായി പോക്കുവരവ് നടപടികൾ പൂർത്തിയാക്കാനുള്ള ടാർജറ്റാണ് വച്ചിരിക്കുന്നത്. ആദ്യം ഡ്രാഫ്റ്റ് പ്രസിദ്ധീകരിക്കും. അതിൽ ആക്ഷേപം കേൾക്കാനും രേഖകൾ കൊടുക്കാൻ കഴിയാതിരുന്നവർക്കും അവസരം കൊടുക്കണം. ഇപ്പോൾ ഒരു മാസമെന്നാണ് അറിയിച്ചിരിക്കുന്നത്. അതിൽ കൂടുതൽ കൊടുത്താൽ തടസ്സം വരും. കോർട്ട് ഫീ സ്റ്റാമ്പ് സംബന്ധിച്ച നടപടിക്രമം അന്വേഷിച്ചിട്ടേ പറയാൻ കഴിയൂ. സഹായകരമായ രീതിയിൽ വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രചരണം കൊടുത്തുകൊണ്ട് സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

(6) <u>ഒറ്റപ്പാലം കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണം</u>

<u>ശ്രീ. എം. ഹംസ</u>: പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി.റോഡ് പദ്ധതി ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ റോഡിനുവേണ്ടി 1,40,50,253 രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. യാത്ര വളരെ വേഗത്തിലാക്കുക, ഇന്ധനലാഭം ഉണ്ടാക്കുക, ഗുണനിലവാരമുള്ള റോഡു

കളാക്കുക എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കണം. ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ പദ്ധതിയും രൂപരേഖയും തയ്യാറാക്കിയത് ലൂയീസ് ബർജർ എന്ന അമേരിക്കൻ അന്താരാഷ്ട്ര കമ്പനി യാണ്. ബക്കാം എന്ന ഫ്രഞ്ച് കമ്പനിയാണ് കൺസൽട്ടൻസിയായി പ്രവർത്തിക്കുന്നത്. റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതി നുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകണം. ഭൂമി അക്വയർ ചെയ്യുന്ന തിലെ കാലതാമസം ഒഴിവാക്കാനാണ് 2004-ൽ ഫാസ്റ്റ് ട്രാക്ക് സംവിധാനം നിലവിൽ വന്നത്. എല്ലായിടത്തും 15 മീറ്റർ വീതി വരുത്താനും മങ്കര വളവ് നികത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): ലാന്റ് അക്വിസിഷനിലെ കാലതാമസം കാരണം കെ.എസ്.ടി.പി.യുടെ റോഡിന്റെ വീതി കൂട്ടുന്ന പണികളിൽ വളരെയേറെ താമസം നേരിടുന്നതുകൊണ്ട് ജംഗ്ഷനുകളിലും ജനത്തിരക്കുള്ള സ്ഥലങ്ങളിലും വളരെ പ്രശ്നങ്ങൾ ഉണ്ടായി ക്കൊണ്ടിരിക്കുന്നു. പ്രധാന ജംഗ്ഷനിൽക്കൂടി പോകുന്ന കേരള വാട്ടർ അതോറിറ്റിയുടെയും ഇറിഗേഷൻ വകുപ്പിന്റേയും പൈപ്പുകൾ മാറ്റുന്നതിനും വളരെയധികം തടസ്സങ്ങൾ നേരിടുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ റോഡ് വർക്കിൽ വ്യതിയാനം വരുത്തി ചെയ്യുവാൻ 2004 ഒക്ടോബർ 26-ാം തീയതി കൂടിയ സ്റ്റിയറിംഗ് കമ്മിറ്റിയിൽ തീരുമാനിക്കുകയുണ്ടായി. ഒറ്റപ്പാലം ടൗണിൽ ലാന്റ് അക്വിസിഷൻ നടത്തിക്കഴിഞ്ഞു. ഇനിയും വീതികൂട്ടേണ്ട ഭാഗങ്ങളിൽ സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ ഉടനെതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതി ക്കിരയായവർക്ക് നഷ്ടപരിഹാരം

ശ്രീ. ബി. ബാബു പ്രസാദ്: മേയ് മാസത്തിൽ ആലപ്പുഴ ജില്ലയിൽ ആഞ്ഞടിച്ച ചുഴലിക്കൊടുങ്കാറ്റിലും പേമാരിയിലും ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായത് ഹരിപ്പാട് നിയോജകമണ്ഡലത്തിലെ 10 പഞ്ചായത്തുകളിലാണ്. പാവപ്പെട്ട കയർ-കർഷക-മത്സ്യത്തൊഴിലാളി കളാണ് കാലവർഷക്കെടുതിക്ക് ഇരകളായിരിക്കുന്നത്. വില്ലേജ് ഓഫീസറുടെ റിപ്പോർട്ടനുസരിച്ച് വീട് പൂർണ്ണമായി തകർന്നവർ ഏതാണ്ട് നൂറോളവും ഭാഗികമായി നഷ്ടപ്പെട്ടവർ രണ്ടായിരത്തോളവും വരും. നങ്ങ്യാർകുളങ്ങര ബഥനി ബാലികാമഠം ഹൈസ്ക്കൂൾ, ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, അർച്ചനാ തിയേറ്റർ, ആർട്ട് ഓഫ് ലിവിംഗ് കേന്ദ്രം, മുട്ടം ജമാഅത്ത് പള്ളി എന്നിവ അടക്കമുള്ള പൊതു മത/വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാരമായ കേടുപാടുകളുണ്ടായി. രണ്ട് ഘട്ടമായി 16 ലക്ഷത്തോളം രൂപ നഷ്ടപരിഹാര മായി ഇതുവരെ വിതരണം ചെയ്തിട്ടുണ്ടെന്നാണ് പറയുന്നത്. നഷ്ടപരിഹാരം ഇപ്പോൾ കൊടുക്കുന്നില്ല. നഷ്ടപരിഹാരം കൊടുക്കുന്ന തിനുവേണ്ടി തയ്യാറാക്കുന്ന ലിസ്റ്റിൽ ഒരുപാട് അനർഹർ കടന്നുകൂടുകയും അർഹരായവർ പുറംതള്ളപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ചേപ്പാട് പഞ്ചായത്തിലെ 1-ാം വാർഡിലെ 56 ആളുകൾ വീട് നഷ്ടപ്പെട്ടവരും നാശനഷ്ടം ഉണ്ടായവരുമാണ്. ആറാട്ടുപുഴയിൽ വീടുകൾ തകർന്നതിനെ ത്തുടർന്ന് 40 കുടുംബങ്ങൾ ടെന്റിൽ കഴിയുകയാണ്. അവർക്ക് ഭൂമി വാങ്ങി വീട് വച്ചുകൊടുക്കുന്നതിനെക്കുറിച്ച് ഒരു തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല. കാലവർഷക്കെടുതിക്ക് ഇരയായവർക്ക് നഷ്ടപരിഹാരം

കൊടുക്കുവാനും അത് അർഹരായവർക്ക് കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഹരിപ്പാട് നിയോജക മണ്ഡലത്തിൽ മേയ്, ജൂൺ, ജൂലായ് മാസങ്ങളിലുണ്ടായ പ്രകൃതി ക്ഷോഭത്തിൽ പൂർണ്ണമായും ഭാഗികമായും വീട് നഷ്ടപ്പെട്ടവരുടെ 1964 അപേക്ഷകളാണ് ലഭിച്ചത്. 1270 പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള അപേക്ഷകളിൻമേൽ ധനസഹായം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷിനാശം സംഭവിച്ചവർക്ക് 4,72,835 രൂപ സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്. നിലവിലുള്ള നോംസ് അനുസരിച്ച് നാശനഷ്ടത്തിന്റെ വ്യാപ്തി പരിഗണിച്ചാണ് സഹായം നിർണ്ണയിച്ചത്. എത്രയുംവേഗം സഹായം വിതരണം ചെയ്യുന്നതാണ്. എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ആറാട്ടുപുഴ പഞ്ചായത്തിൽ വീട് നഷ്ടപ്പെട്ടവരെ മാറ്റിത്താമസിപ്പിക്കുന്നതുൾപ്പെടെ ഒരു പ്രത്യേക പാക്കേജിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

(8) ആലപ്പുഴ ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രതിസന്ധി

ശ്രീ. സി. കെ. സദാശിവൻ: കായംകുളത്ത് പ്രവർത്തിച്ചുവരുന്ന ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. 1981–ൽ രജിസ്റ്റർ ചെയ്ത മിൽ 25000 സ്പിന്റിൽ ശേഷിയുള്ള പ്രോജക്ടായിരുന്നു ലക്ഷ്യം വച്ചിരുന്നത്. 19.5 ഏക്കർ സ്ഥലം സർക്കാർ പൊന്നുംവിലയ്ക്കെടുത്ത് മില്ലിന് കൈമാറിയിരുന്നു. പിന്നീട് 18 വർഷക്കാലം മില്ലിന്റെ പ്രവർത്തനം മുടങ്ങിക്കിടന്നു. 1999–ൽ ലക്ഷ്യമിട്ടതിൽ

നാലിലൊന്നിന്റെ പ്രവർത്തനം ആരംഭിച്ചു. ഇതിനുവേണ്ടി ആലപ്പുഴ സഹകരണ ബാങ്കിൽനിന്ന് ലോണായി ലഭിച്ച 5 കോടി രൂപയ്ക്ക് 16.5 ശതമാനമായിരുന്ന പലിശ പിന്നീട് 12 ശതമാനമായി കുറച്ചു. ഈ പലിശ 8 ശതമാനമായി കുറയ്ക്കുന്നതിന് ബാങ്കുകാരുമായി മന്ത്രി ചർച്ച ചെയ്യണം. സഹകരണ ബാങ്കിന് 4 കോടി രൂപ ബാക്കി കൊടുക്കാനുണ്ട്. രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുവേണ്ടി 1 കോടി 15 ലക്ഷം രൂപ ചെലവാക്കി കെട്ടിടം നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. എൻ.സി.ഡി.സി. സഹായം വാഗ്ദാനം ചെയ്തിട്ടും ഗവൺമെന്റ് ഗ്യാരന്റി നൽകാൻ തയ്യാറായില്ല. മില്ലിലുള്ള ഏറ്റവും മുന്തിയ യന്ത്രസാമഗ്രികൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ആലപ്പുഴ ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിനായി 22–8–06–ൽ വിളിച്ചുചേർത്ത പ്രത്യേക യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.യും ട്രേഡ് യൂണിയൻ പ്രതിനിധികളും മാനേജുമെന്റ് പ്രതിനിധികളും പങ്കെടുത്തിരുന്നു. മില്ലിൽ ഇപ്പോൾ നിലവിലുള്ള 6000 സ്പിന്റിലുകൾക്കുപുറമേ 6000 സ്പിന്റിലുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള കെട്ടിടവും അനുബന്ധ സൗകര്യവും ഉള്ളതിനാൽ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തി നവീകരണ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിവരുന്ന 3.5 കോടി രൂപ സ്വരൂപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ജില്ലാ ബാങ്കുമായി ചർച്ച ചെയ്ത് പ്രൊപ്പോസലുണ്ടാക്കി സമർപ്പിക്കുന്നതിന് കൈത്തറി ഡയറക്ടർ, ടെക്സ്ഫെഡ് മാനേജിംഗ് ഡയറക്ടർ, സ്പിന്നിംഗ് മില്ലിന്റെ ജനറൽ മാനേജർ എന്നീ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ മില്ലുകൾ നവീകരിച്ച് അതിന്റെ

ഉത്പാദനശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുക എന്നതാണ് ഈ ഗവൺമെന്റ് കൈക്കൊള്ളാൻ പോകുന്ന നയം. ഉദ്യോഗസ്ഥരിൽനിന്ന് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(9) കോഴിക്കോട്-മലപ്പുറം ജില്ലകളിലെ കാരായ്മ-കുടിയാൻ പ്രശ്നം

ശ്രീ. പി. വിശ്വൻ: കാരായ്മ-കുടിയാൻമാരുടെ പ്രശ്നം സഭ പല തവണ ചർച്ച ചെയ്യുകയും ഇവരെ രക്ഷിക്കാൻ വേണ്ടി 1989-ൽ നിയമം ഉണ്ടാക്കുകയും അതിലെ അപാകത പരിഹരിക്കാൻ 1999-ൽ ഭേദഗതി നിയമം കൊണ്ടുവരികയും ചെയ്തുവെങ്കിലും ഒന്നും പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കാരായ്മ കുടിയാൻമാരുടെ കൈവശമുള്ള ഭൂമി ജൻമിമാർ കയ്യേറുന്നത് തടയുന്നതിന് അടിയന്തിരമായി ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ഭരണഘടനയുടെ ഒൻപതാം പട്ടികയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി.രാജേന്ദ്രൻ): കോഴിക്കോട് ജില്ലയിൽ പൂർണ്ണമായും മലപ്പുറം ജില്ലയിൽ ഭാഗികമായും കാരായ്മ കുടിയാൻമാരുണ്ട്. നിരന്തരമായി ലഭിച്ചുകൊണ്ടിരുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പടയപാട്ടം, പണയിലച്ചീട്ട് തുടങ്ങിയ വിഭാഗങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി 1989-ലെ ആക്ട് 16 പ്രകാരം കേരള ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യുകയുണ്ടായി. ഈ ഭേദഗതി പ്രകാരം 24-1-1989-ന് മുൻപ് ലാന്റ് ട്രിബ്യൂണൽ തീരുമാനം കൈക്കൊണ്ട കേസ്സുകൾ പുന:പരിശോധിക്കാൻ നിയമമില്ലായിരുന്നു. അതുകൊണ്ട് 24-1-89-ന് മുൻപ് പട്ടയം ലഭിച്ച കാരായ്മ കുടിയാൻമാരുടെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് 1999-ലെ കേരള ഭൂപരിഷ്ക്കരണ നിയമ ഭേദഗതി പ്രകാരം കാരായ്മ കുടിയാൻമാർക്ക്

സൗകര്യാവകാശം ലഭിക്കുന്ന രീതിയിൽ മുൻകാല പ്രാബല്യത്തോടുകൂടി ഭേദഗതി വരുത്തിയെങ്കിലും അത് ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ പ്പെടുത്തിയില്ല. ഈ നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് പല ജൻമിമാരും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഇതിൽ പലതും ഭൂപരിഷ്ക്കരണ ഭേദഗതി നിയമപ്രകാരം ഭരണഘടനാ സാധുതയില്ലാത്തതിനാൽ നടപ്പിലാക്കാൻ കഴിയുകയില്ലെന്ന ഉത്തരവാണ് ഉണ്ടായത്. കോടതി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി. സുപ്രീം കോടതി ഡിസ്മിസ് ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട അനന്തര നടപടികൾ നിയമ വകുപ്പുമായി ആലോചിച്ചു കൊണ്ടിരിക്കുകയാണ്. പ്രസ്തുത ഭേദഗതി നിയമം ഭരണഘടനയിലെ ഒൻപതാം പട്ടികയിൽപ്പെടുത്തി നിയമ സംരക്ഷണം നൽകുന്നതിനോ പുതിയ ഭേദഗതി നിയമത്തിലൂടെയോ ഇത്തരം കാരായ്മ കുടിയാൻമാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

(10) കേരളത്തിലെ സർവ്വീസ് പെൻഷൻകാരുടെ പ്രശ്നങ്ങൾ

ശ്രീ. തോമസ് ചാഴികാടൻ: കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചപ്പോൾ സർക്കാർ ജീവനക്കാർക്ക് നൽകിയ ആനുകൂല്യ ങ്ങൾക്ക് ആനുപാതികമായിട്ടുള്ളത് പെൻഷൻകാർക്ക് ലഭിച്ചിട്ടില്ല. കഴിഞ്ഞ കാലങ്ങളിലൊക്കെ സർക്കാർ ജീവനക്കാർക്ക് നൽകുന്നതിന് ആനുപാതിക മായിട്ടുള്ള ആനുകൂല്യങ്ങൾ പെൻഷൻകാർക്കും നൽകിയിരുന്നു. 1-4-2002-നും 1-7-2004-നും ഇടയ്ക്ക് പെൻഷൻ പറ്റിയ 35,000-ത്തോളം പേർക്ക് ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അതുപോലെ യു.ജി.സി. സ്കെയിലിൽ

ശമ്പളം ലഭിക്കുന്നവർ, എ.ഐ.സി.ടി.ഇ.യുടെ കീഴിൽ വരുന്നവർ, മെഡിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ വരുന്നവർ എന്നിവർക്ക് കേന്ദ്ര സർക്കാർ നിരക്കിലുള്ള ശമ്പളമാണ് ലഭിക്കുന്നതെങ്കിലും പെൻഷൻ കൊടുക്കുന്നത് സംസ്ഥാന സർക്കാരാണ്. അവർക്ക് ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇത്തരം അപാകത കൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്): പെൻഷൻകാരുടെ സംഘടനകളും ബഹുമാനപ്പെട്ട അംഗവും ഉന്നയിച്ച പ്രശ്നങ്ങളെല്ലാം പ്രധാനപ്പെട്ടതാണ്. അവരോടെല്ലാം അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എങ്കിലും സംസ്ഥാനത്തിന്റെ ധനപരമായ പരിമിതിക്കുള്ളിൽനിന്നുകൊണ്ടുമാത്രമേ കാര്യങ്ങൾ ചെയ്യാൻ കഴിയൂ. ഇൻഡ്യാ രാജ്യത്ത് ഏറ്റവും ഉയർന്ന നിരക്കിലുള്ള പെൻഷൻ നൽകുന്നത് കേരളത്തിലാണ്. 12 വർഷം കഴിയുമ്പോൾ ശമ്പളം കൊടുക്കുന്നതിനേക്കാൾ കൂടുതൽ പെൻഷൻ നൽകുന്ന സംസ്ഥാനമായി കേരളം മാറും. പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഗണിച്ച് വൈഷമ്യങ്ങൾ കുറയ്ക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ആദ്യത്തെ ഉത്തരവ് ഇറങ്ങിയത് മുൻകാല സർക്കാരിന്റെ കാലത്താണ്. 1.7.2004–നു മുമ്പ് വിരമിച്ചവരുടെ പെൻഷനിൽ 200 രൂപയുടെയെങ്കിലും വർദ്ധനവ് വരത്തക്ക രീതിയിൽ 6 ശതമാനം ഫിറ്റ്മെന്റ് നൽകി 59 ശതമാനം ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുക ആദ്യം കണക്കാക്കണം. അങ്ങനെ കണക്കാക്കിയ തുക 30 വർഷവും അതിൽ കൂടുതലും സർവ്വീസുള്ളവർക്ക് പുതുക്കിയ ശമ്പള സ്കെയിലിന്റെ 50 ശതമാനം എന്ന തോതിൽ കുറവാണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 50 ശതമാനം

എന്ന തോതിൽ പുനർ നിർണ്ണയിക്കണം. 30 വർഷത്തിൽ കുറവ് സർവ്വീസ് ഉള്ളവർക്ക് അതിന് ആനുപാതിക പെൻഷൻ പുനർനിർണ്ണയിക്കണം. ഈ തത്വപ്രകാരമാണ് പെൻഷൻ കണക്കാക്കുന്നത്. പെൻഷൻ സമയത്ത് റിട്ടയർ ചെയ്ത തസ്തികയുടെ പേര്, സ്കെയിൽ, പെൻഷന് കണക്കാക്കുന്ന സർവ്വീസ് എന്നിവ സർട്ടിഫൈ ചെയ്ത് പെൻഷൻകാർ നൽകേണ്ടിയിരുന്നു. ഇത് നൽകാൻ പ്രയാസമാണ് എന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് പെൻഷൻ പരിഷ്ക്കരണ ആനുകൂല്യങ്ങൾ എല്ലാ പെൻഷൻകാർക്കും താമസംവിനാ ലഭിക്കുന്നതിനായി 8.6.2006–ൽ ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി. ബഹുഭൂരിപക്ഷം പേർക്കും താൽക്കാലിക പെൻഷൻ വർദ്ധനവ് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ശമ്പള കമ്മീഷൻ പറഞ്ഞ പ്രകാരമുള്ള വൺ റാങ്ക് വൺ പെൻഷൻ നിശ്ചയിക്കുന്നതിന് അക്കൗണ്ടന്റ് ജനറലിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് 31.3.2002 മുതൽ 30.2.2004 വരെയുള്ള പെൻഷൻകാരുടെ പ്രശ്നമാണ്. 1.7.2004–ലാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത്. സ്വാഭാവികമായും പെൻഷൻ പരിഷ്ക്കരണവും ആ തീയതി മുതലേ ഉണ്ടാവുകയുള്ളു. കഴിഞ്ഞ ശമ്പള പരിഷ്ക്കരണം കഴിഞ്ഞ് 5 വർഷം തികയുന്ന 13.3.2002 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കണമെന്നുള്ളതാണ് ജീവനക്കാരുടെ ഡിമാന്റ്; സർക്കാർ അത് അംഗീകരിച്ചില്ല. ധനസ്ഥിതി അനുസരിച്ച് മുൻകാല പ്രാബല്യം നൽകാൻ ഈ സർക്കാരിന് കഴിയുകയില്ല. ഒരു വിഭാഗത്തിന് മുൻകാല പ്രാബല്യം നൽകിക്കഴിഞ്ഞാൽ ഇതേ തത്വം നിലവിലുള്ള ജീവന ക്കാർക്കും ബാധകമാണ്. ചെയിൻ റിയാക്ഷൻ ഉണ്ടാക്കുന്ന കാര്യങ്ങൾ വളരെ ഗൗരവത്തിൽ മാത്രമേ സർക്കാരിന് കൈകാര്യം ചെയ്യാൻ

പറ്റുകയുള്ളു. അതുകൊണ്ട് ഇക്കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ല.

(11) പുനലൂരിൽ റവന്യൂ ഡിവിഷൻ അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാജു വിസ്തൃതമായ 5 താലൂക്കുകളും 104 വില്ലേജുകളും ഉള്ള കൊല്ലം ജില്ലയിൽ ഒരു റവന്യൂ ഡിവിഷൻ മാത്രമാണ് ഇപ്പോഴുള്ളത്. കൊല്ലത്തേക്കാൾ ചെറിയ ജില്ലകളായിട്ടുള്ള പത്തനംതിട്ട, ആലപ്പുഴ ജില്ലകൾക്ക് അടൂർ, തിരുവല്ല, ചെങ്ങന്നൂർ, ആലപ്പുഴ എന്നീ നിലയിൽ ഈരണ്ട് റവന്യൂ ഡിവിഷനുകളുണ്ട്. കൊല്ലം ജില്ലയുടെ കിഴക്കൻ പ്രദേശത്തെ താലൂക്കുകളായ പത്തനാപുരം, കൊട്ടാരക്കര എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് പുനലൂർ ആസ്ഥാനമാക്കി ഒരു റവന്യൂ ഡിവിഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പുതിയ റവന്യൂ ഡിവിഷനുകളുടേയും താലൂക്കുകളുടേയും വില്ലേജുകളുടേയും രൂപീകരണം സർക്കാരിന്റെ പരിഗണനയിലുള്ള കാര്യമാണ്. സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും ഭൂവിസ്തൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി, പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കുമ്പോൾ വേണ്ട ഓഫീസ് സൗകര്യം, പുതിയ തസ്തിക സൃഷ്ടിക്കൽ തുടങ്ങി സംസ്ഥാന ഖജനാവിന് വരുത്തിവയ്ക്കാവുന്ന അധിക സാമ്പത്തിക ബാധ്യത എന്നിവ വിശദമായി പരിശോധിച്ച് നയപരമായ തീരുമാനം എത്രയും വേഗം എടുക്കുന്നതാണ്. പുനലൂർ ആസ്ഥാനമാക്കി റവന്യൂ ഡിവിഷൻ രൂപീകരിക്കണമെന്ന ആവശ്യം ദീർഘകാലമായി ജനങ്ങൾ ആവശ്യപ്പെട്ടുവരുന്നതാണ്. ജില്ലയുടെ കിഴക്കൻ മേഖലകളുടെ വികസനത്തിനും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമ

മായി മുന്നോട്ട് കൊണ്ടുപോകുന്നതിനും പുനലൂർ ആസ്ഥാനമാക്കി ഒരു റവന്യൂ ഡിവിഷൻ രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്. ഇതിന് ഭരണപരമായ മറ്റ് നടപടികളൊക്കെ ഉണ്ട്. ഒരേ ജില്ലയിൽ രണ്ട് റവന്യൂ സബ് ഡിവിഷനുകളുള്ളത് പരിശോധിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ നാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

<u>സഭാസമിതി റിപ്പോർട്ടുകൾ ചർച്ച ചെയ്യണമെന്ന ആവശ്യം</u>

<u>ശ്രീ. പി. സി. ജോർജ്</u>: മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച് 1996 മുതൽ 2001 വരെയും 2001–2006 വരെയുമുള്ള കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ഏറ്റവും പ്രധാന പ്പെട്ട ഒരു പ്രശ്നമാണ് മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചുള്ളത്. സുപ്രീം കോടതിയുടെ റൂളിംഗുമുണ്ടായിരുന്നു. കേരള സർക്കാരിന് അനു കൂലമായ വിധിയാണ് വന്നിട്ടുള്ളത്. അതുസംബന്ധിച്ച് വിശദമായ ചർച്ച നടത്തണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ.എം.വിജയകുമാർ</u>): വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണിത്. നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങളും അതിന്റെ റിപ്പോർട്ടും വളരെ വിലപ്പെട്ടതാണ്. അതൊന്നും വെളിച്ചം കാണുന്നില്ല. പത്ത് വർഷം മുമ്പ് ചർച്ച ചെയ്ത് തീരുമാനിച്ച അഷ്വറൻസ് കമ്മിറ്റിയുടെ റിപ്പോർട്ട് സഭ അംഗീകരിച്ചിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട റിപ്പോർട്ട് സഭയിൽ നിർബന്ധമായും ചർച്ച ചെയ്യണമെന്ന നയം ചെയറിന്റെ ഭാഗത്തുനിന്നു ണ്ടാകണം.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗവും നിയമ വകുപ്പുമന്ത്രിയും ഭരണ-പ്രതിപക്ഷ കക്ഷി നേതാക്കളുമെല്ലാം ഈ വിഷയം ചെയറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. വളരെയധികം സമയം എടുത്ത് തയ്യാറാക്കുന്ന കമ്മിറ്റി റിപ്പോർട്ടുകളൊന്നും പിന്നീട് വെളിച്ചം കാണുന്നില്ല. തീർച്ചയായും അത് പരിശോധിക്കപ്പെടേണ്ടതും സഭയിൽ ചർച്ചാവിഷയമാക്കേണ്ടതുമാണ്. കക്ഷി നേതാക്കളുമായി ആലോചിച്ച് സമവായമുണ്ടാക്കി ചർച്ച ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കുന്നതായിരിക്കും.

## IV. **ധനകാര്യം**

<u>2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ</u>

<u>ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജല വിതരണവും ശുചീകരണവും (461,02,30,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (140,53,76,000 രൂപ)

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXI -ഭവനനിർമ്മാണം (29,57,84,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം (95,10,54,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ:തോമസ് ഐസക്): ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV–ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(സർവ്വശ്രീ കെ.സി.വേണുഗോപാൽ, തേറമ്പിൽ രാമകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, കെ.ബാബു, എ.പി.അനിൽ കുമാർ, ടി.എൻ. പ്രതാപൻ, കെ.സി.ജോസഫ്, വി.ഡി.സതീശൻ, തോമസ് ചാണ്ടി, വി.കെ.ഇബ്രാഹിം കുഞ്ഞ്, പി.കെ.അബ്ദുറബ്ബ്, എം.ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ.സുധാകരൻ, സി.പി.മുഹമ്മദ്, അടൂർ പ്രകാശ്, എം.മുരളി, ജോർജ് മേഴ്സിയർ, പി.സി.വിഷ്ണുനാഥ്, പ്രൊഫ.കെ.വി.തോമസ് എന്നീ ബഹുമാന പ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. കെ.സി. വേണുഗോപാൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങൾ കുടിവെള്ളത്തിന് കേഴുന്ന സ്ഥിതിവിശേഷമാണ് ഇന്നും നിലനിൽക്കുന്നത്. നദികളും കുളങ്ങളും ജലസ്രോതസ്സുകളും ധാരാളമുള്ള കേരളത്തിൽ വെള്ളം കൂടുതൽ ഉണ്ടെന്നുള്ള കൺസെപ്റ്റിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടിന് ജലം കൊടുക്കാൻ തീരുമാനിച്ചതിന്റ ഫല മായി ഇന്ന് ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിരിക്കുകയാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ഭാവിയെ ബാധിക്കുന്ന

മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഉന്നത നീതിപീഠം അനുകൂലമായ നിലപാട് സ്വീകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. യു.ഡി.എഫ്. സർക്കാർ സമഗ്രമായ നിയമനിർമ്മാണത്തിലൂടെ ഇക്കാര്യത്തിൽ താല്പര്യപൂർവ്വമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. മുല്ലപ്പെരിയാറിനെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായ ഒരു നിയമമാണ് കേരള സർക്കാർ പാസ്സാക്കിയിട്ടുള്ളത് എന്നുള്ളതുകൊണ്ടാണ് സുപ്രീം കോടതിയിൽ അതിനെ ചോദ്യം ചെയ്യാൻ തമിഴ്നാട് സർക്കാർ മുന്നോട്ടുവന്നത്. ജലനിരപ്പ് 136 അടിയിൽനിന്ന് ഒരിഞ്ചുപോലും ഉയർത്താൻ തയ്യാറല്ല എന്ന കേരളത്തിന്റെ നിലപാട് ഉറപ്പിച്ചുകൊണ്ട് കേരളത്തിന്റെ പൊതുവികാരമാക്കി ഈ പ്രശ്നം വളർത്തിയെടുത്ത് ജനകീയ മനസ്സുകളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞതും അന്നത്തെ സർക്കാരിന്റെ ഇച്ഛാശക്തികൊണ്ടാണ്. എല്ലാ ജനവിഭാഗങ്ങളേയും ഒന്നിച്ചുകൊണ്ടു പോകുക എന്നുള്ള സ്പിരിറ്റ് ഈ സർക്കാർ ഏറ്റെടുത്തു നടത്തുന്നു എന്നുള്ളതാണ് ആശ്വാസകരമായ ഒരു കാര്യം. കേരളത്തിന്റെ ജലം ഏതുവിധേനയും വാങ്ങിയെടുക്കാനുള്ള പണം തമിഴ്നാട് സർക്കാരിന്റെ ബഡ്ജറ്റിലുണ്ട്. കേരള സർക്കാരിന്റെ ഒരു ഓഫീസ് മുല്ലപ്പെരിയാറിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്തതിനാൽ ജീവനക്കാർ അവിടേയ്ക്ക് പോകാൻ തയ്യാറാകാത്ത സ്ഥിതിവിശേഷമാണുള്ളത്. തമിഴ്നാട് സർക്കാർ കേരളത്തിലെ ജലം വാങ്ങാൻ പിൻവാതിലിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ കേരള സർക്കാർ ഉദ്യോഗസ്ഥരുടെ ന്യായമായ ആവശ്യങ്ങൾപോലും നിറവേറ്റിക്കൊടുക്കാൻ തയ്യാറാകുന്നില്ല. കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നതിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ സപ്ലിമെന്ററി

ഡിമാന്റിലൂടെ ആവശ്യപ്പെടണം. മുല്ലപ്പെരിയാർ ഡാം സംരക്ഷിക്കുന്നതിന് സർക്കാർ മെഷിനറി ശക്തിപ്പെടുത്തുന്ന കാര്യത്തിൽ നടപടിയുണ്ടാകണം. കേരളത്തിനർഹതപ്പെട്ടത് വാങ്ങാനും ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനുമുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം. മണൽവാരൽമൂലം നശിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ നദികൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. റിവർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. 30 വർഷം മുമ്പ് തുടങ്ങിയ ജലസേചന പദ്ധതികൾ ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വെള്ളാനകളെ തീറ്റിപ്പോറ്റുന്ന ഒന്നായി ജലസേചന വകുപ്പ് മാറിയിരിക്കുന്നു. ഒരു ചെറിയ പദ്ധതിപോലും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാക്കണം. ആലപ്പുഴയിൽ ലഭിക്കുന്ന കുടിവെള്ളത്തിൽ ഫ്ളൂറൈഡ് കണ്ടന്റ് ഏറ്റവും കൂടുതൽ കലർന്നിട്ടുണ്ടെന്ന് വാട്ടർ അതോറിറ്റി തന്നെ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി അവിടെ ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ആലപ്പുഴ, അമ്പലപ്പുഴ, മാരാരിക്കുളം നിയോജക മണ്ഡലങ്ങൾക്കുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ഹഡ്കോയുടെ സ്കീമിന് തറക്കല്ലിട്ട് മൂന്നര വർഷം കഴിഞ്ഞിട്ടും ലോൺ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്ത് സർക്കാർ ഓഫീസുകൾക്കായി പണികഴിപ്പിക്കുന്ന പുതിയ കെട്ടിടങ്ങളിൽ മഴവെള്ളം സംഭരിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. വെള്ളത്തിനുവേണ്ടി പോരാട്ടം നടത്തുമ്പോൾ മഴവെള്ളം ദുരുപയോഗം ചെയ്യുന്നത് ന്യായീകരിക്കത്തക്കതല്ല. നദികളെ സംരക്ഷിച്ചും ജലദുരുപയോഗം തടഞ്ഞും സമഗ്രമായ ഒരു ജലനയം രൂപീകരിക്കണം.

കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ അടിയന്തിരമായി കടൽഭിത്തി നിർമ്മിക്കണം. വനം സംരക്ഷിക്കുന്ന കാര്യത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വനത്തിന്റെ വിസ്തൃതി കുറയുന്നത് തടഞ്ഞും മറയൂരിൽ ഇലക്ട്രിക്കൽ ഫെൻസിംഗ് ഏർപ്പെടുത്തിയും മരങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയും ചന്ദനമോഷണം തടയുക, ചന്ദനം കള്ളക്കടത്ത് നടത്തുന്ന 19 സ്വകാര്യ ചന്ദന ഫാക്ടറികൾ പൂട്ടുന്നതിനുള്ള വിപ്ലവകരമായ തീരുമാനമെടുക്കുക, കഞ്ചാവ് വേട്ട നടത്തുക തുടങ്ങിയ കാര്യങ്ങളിലൂടെ വനം സംരക്ഷിക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. വനവിഭവങ്ങൾ സംരക്ഷിക്കുന്നതിനും ചന്ദന മോഷണം തടയുന്നതിനും കഞ്ചാവ് വേട്ട നടത്തുന്നതിനും ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ ഉണ്ടാകണം. ഭവന നിർമ്മാണ രംഗത്ത് പുതിയ പദ്ധതികൾ പ്രഖ്യാപിക്കണം. മൈത്രി ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ച് നിയമസഭാ സമിതിയടക്കം അന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ ഒരു നടപടിയും സ്വീകരിച്ചില്ലെന്നു മാത്രമല്ല പാവപ്പെട്ടവർക്ക് വീട് കൊടുക്കുന്ന പദ്ധതി അവതാളത്തിലാക്കി പണം ഡൈവർട്ട് ചെയ്യുന്നതിന് നേതൃത്വം കൊടുത്ത വ്യക്തിയെത്തന്നെ ഈ മന്ത്രിസഭയിൽ അംഗമാക്കിയത് അപഹാസ്യമാണ്.

<u>ശ്രീ. സി. എം. ദിനേശ് മണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് ജലവിഭവ വകുപ്പിനെ തകർത്തെറിഞ്ഞു. 1957–ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിലെ നദികളുടെ ജലവിഭവശേഷിയെ ക്കുറിച്ചും ജലത്തിന്റെ ഉപയോഗത്തെക്കുറിച്ചും പഠനം നടത്താൻ തയ്യാറാ യെങ്കിലും അതിനുശേഷം ആ സമീപനം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. ധാരാളം നദികളും ജലവുംകൊണ്ട് അനുഗ്രഹീതമായ കേരള

ത്തിൽ ഫലപ്രദമായി അത് ഉപയോഗിക്കാൻ സാധിക്കാത്തത് ഈ രംഗത്തുള്ള അഴിമതികൊണ്ടാണ്. കേരളത്തിലെ ഇറിഗേഷൻ പ്രോജക്ടുകളുടെ ചരിത്രം പരിശോധിച്ചാൽ ആരംഭ ഘട്ടത്തിൽ ചെലവാക്കിയ തുകയിൽനിന്ന് എത്രയോ കൂടുതലാണ് ഇന്ന് അതിനുവേണ്ടി ചെലവാക്കുന്നത് എന്നു കാണാൻ കഴിയും. 1995-ൽ എറണാകുളത്ത് ആരംഭിച്ച ഹഡ്കോ ജലവിതരണ പദ്ധതി 2 വർഷം കൊണ്ട് പൂർത്തിയാക്കേണ്ടതായിരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങൾക്കും പരിഹാരം കണ്ടതിനുശേഷമാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരം ഏറ്റെടുത്തത്. ഇക്കാര്യത്തിൽ രാഷ്ട്രീയമായ ഇച്ഛാശക്തി ഇല്ലാതെ പോയതിനാൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് 4 മാസത്തിനിടെ ഫലപ്രദമായ പുരോഗതി വരുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊച്ചി കോർപ്പറേഷനുവേണ്ടി ബ്രിട്ടീഷ് കമ്പനി നൽകിയിട്ടുള്ള 17 കോടിരൂപയുടെ പദ്ധതിക്കും യാതൊരു വിധത്തിലുള്ള ഇടപാടും ജലവിഭവ വകുപ്പിൽനിന്ന് ഉണ്ടായിട്ടില്ല. മുല്ലപ്പെരിയാറിനെ സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയ തലത്തിലും രണ്ട് ഗവൺമെന്റിന്റേയും പണം വാങ്ങുന്നവർ കേരളത്തിലുണ്ട്. 1957-ലെ ഗവൺമെന്റ് നദീജലത്തെ സംബന്ധിച്ച് സ്വീകരിച്ച സമീപനം ഈ ഗവൺമെന്റ് തുടരണം. കേരളത്തിലെ നദികളുടെ ഒഴുക്കിനെ സംബന്ധിച്ചും വെള്ളത്തിന്റെ ഉപയോഗത്തെ സംബന്ധിച്ചും പഠനം നടത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ജലവിഭവം ഫലപ്രദമായും ശാസ്ത്രീയമായും പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ലോകത്താകമാനം ഒരു വർഷം 80,000 കോടി ഡോളറിന്റെ കുടിവെള്ള വില്പന നടക്കുന്നതായിട്ടാണ് അറിയുന്നത്. കേരളത്തിൽ ശുദ്ധജലം സുലഭ

മായതിനാൽ ആഗോള കുത്തക കമ്പനികളും സാമ്രാജ്യത്വ ശക്തികളും ശുദ്ധജലം ചൂഷണം ചെയ്യാൻ ലക്ഷ്യമിടും എന്ന കാര്യത്തിൽ സംശയമില്ല. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായിട്ടുള്ള പഠനം നടത്തി ഓരോ നദി യേയും ഓരോ ശുദ്ധജലവിതരണ പദ്ധതിയേയും അടിസ്ഥാനപ്പെടുത്തി ഈ വകുപ്പ് പുന:സംഘടിപ്പിക്കുവാൻ നടപടിയുണ്ടാകണം. ഈ വകുപ്പിനെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഫലപ്രദമായ വകുപ്പാക്കി മാറ്റാനുള്ള വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. കുടിവെള്ളം പൊതുസ്വത്താണെന്ന കാര്യം അംഗീകരിച്ച് ജലം കൊണ്ടുപോകുന്ന ടാങ്കർ ലോറികളെ നിയന്ത്രിക്കാനും അനധികൃതമായി കിണർ കുഴിക്കുന്നത് നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കണം. .മൈത്രി ഭവന പദ്ധതിയിലൂടെ കഴിഞ്ഞ ഗവൺമെന്റ് നല്കാതിരുന്ന തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കണം. വളരെ സമചിത്തതയോടും കാര്യക്ഷമതയോടുംകൂടി ഈ വകുപ്പുകളുടെ പ്രവർത്ത നങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനോ അതിനാ വശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കുവാനോ സാധിക്കുന്നില്ല. സാധന സാമഗ്രികളുടെ വിലക്കയറ്റവും കൂലിച്ചെലവിന്റെ വർദ്ധനവും കണക്കി ലെടുത്ത് പദ്ധതികളുടെ അടങ്കൽ തുക വർദ്ധിപ്പിക്കണം. ഏറ്റെടുത്ത പദ്ധതി കൾ മുൻഗണന നല്കി സമയബന്ധിതമായി പൂർത്തിയാക്കണം. ചീക്കോട് പദ്ധതി എത്രയുംവേഗം കമ്മീഷൻ ചെയ്യുന്നതിനും ശേഷിക്കുന്ന പ്രവൃത്തി കൾക്ക് വേണ്ടിവരുന്ന തുക കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. പഴക്കമുള്ളതും കേട് സംഭവിച്ചിട്ടുള്ളതുമായ മോട്ടോറുകളും പമ്പുകളും

ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ യന്ത്രോപകരണങ്ങളും മാറ്റി സ്ഥാപിക്കണം. ജപ്പാൻ കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടിയുണ്ടാകണം. മഴവെള്ള സംഭരണ പദ്ധതിക്ക് വ്യാപകമായ പ്രചാരണം നല്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യണം. വ്യക്തിഗത ഗുണഭോക്താക്കൾ സംഭരണി സ്ഥാപിക്കുന്നതിന് 50 ശതമാനം ചെലവ് വഹിക്കണമെന്നുള്ള നിബന്ധനയിൽ ഇളവ് വരുത്താൻ തയ്യാറാകണം. രണ്ടായിരാമാണ്ടിൽ ആരംഭിച്ച ജലനിധി ഈ ഡിസംബറിൽ അവസാനിക്കുന്ന ഘട്ടത്തിൽ പുതിയ പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടുകൂടി നടക്കുന്ന പദ്ധതികൾക്കും വാട്ടർ അതോറിറ്റിയുടെ പദ്ധതികൾക്കും ഉപയോഗിക്കപ്പെടുന്ന വൈദ്യുതിക്ക് ചാർജ് ഏകീകരിക്കുവാനോ കുറയ്ക്കുവാനോ നടപടി സ്വീകരിക്കണം. ദീർഘകാലമായി പൂർത്തീകരിക്കാത്ത ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സമഗ്രമായ ഒരു ആക്ഷൻ പ്ലാനിന് രൂപം നല്കാൻ ഗവൺമെന്റ് തയ്യാറാകണം. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കോടതി വിധി മുഖാന്തിരമോ ഉഭയകക്ഷി ചർച്ചകൾ വഴിയോ അടിയന്തിരമായി പരിഹാരമുണ്ടാക്കാൻ തയ്യാറാകണം. മലപ്പുറം ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ കാലപ്പഴക്കമുള്ള കനാലുകളുടെയും കേടുവന്ന പമ്പുകളുടെയും റിപ്പയറിംഗിന് ആവശ്യമായ ഫണ്ട് അനുവദിക്കണം. ഒരു പ്രദേശത്തെ വികസനത്തിനും കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും ഉപകാരപ്രദമാകുന്ന രീതിയിൽ ഫാം റോഡുകൾ നിർമ്മിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം. ലക്ഷം വീട് പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ പുനർനിർമ്മാണത്തിന് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തുകയും എത്രയും പെട്ടെന്ന് ഇതിന്റെ

പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യണം. മൈത്രിഭവന നിർമ്മാണ പദ്ധതിയിൻകീഴിൽ ഒന്നാം ഗഡു അനുവദിച്ചവർക്കും ബോർഡു മായി കരാറിൽ ഏർപ്പെട്ടവർക്കും വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർന്നുള്ള ഗഡുക്കൾ നല്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ബാബു പോൾ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാല് മാസമായി നമ്മുടെ സംസ്ഥാനത്ത് വനസംരക്ഷണത്തിനുവേണ്ടി നടപടിയെടുക്കുന്ന ഒരു ഗവൺമെന്റ് ഉണ്ടെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. വിലപിടിച്ച ചന്ദനമരങ്ങൾ അപ്രത്യക്ഷമാകുന്നത് ഒരു പരിധിവരെ തടയുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള വനം കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും അത്തരം വനഭൂമി തിരിച്ചുപിടിക്കുകയും ചെയ്യണം. അനധികൃത ചന്ദന ഫാക്ടറികൾ നിരോധിക്കുവാനും ചന്ദന വ്യവസായം പൂർണ്ണമായും ദേശസാൽക്കരിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ 5 വർഷം ഭവന നിർമ്മാണ രംഗത്ത് ഗവൺമെന്റ് നേരിട്ട് പദ്ധതികളൊന്നും നടപ്പിലാക്കിയിരുന്നില്ല. ഹൗസിംഗ് ബോർഡിനെ അഴിമതിയുടെയും ധൂർത്തിന്റെയും കൂത്തരങ്ങാക്കി മാറ്റുന്നതിന് നേതൃത്വം നല്കിയവരിൽനിന്നും ദുർവിനിയോഗം ചെയ്ത പണം തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ രൂക്ഷമായ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ ഉതകുന്ന ഒരു സ്ഥാപനമാക്കി ഹൗസിംഗ് ബോർഡിനെ മാറ്റിയെടുക്കുവാനുള്ള നടപടി സ്വീകരിക്കണം. അടുത്ത 5 വർഷക്കാലംകൊണ്ട് വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് വച്ച് കൊടുക്കാൻ കഴിയുന്ന തരത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിക്കുവാനുള്ള നടപടി സ്വീകരിക്കണം. ലക്ഷം വീടുകളും 4

സെന്റ് കോളനികളിലെ വീടുകളും നവീകരിക്കാനും അതിന്റെ അറ്റകുറ്റ പ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ഗവൺമെന്റ് ആശുപ ത്രികളിലെ പേ വാർഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ചെറുകിട പട്ടണങ്ങളിൽ വാടകയ്ക്ക് താമസിക്കുന്ന താഴ്ന്ന വരുമാന ക്കാർക്ക് വാടക ഇനത്തിൽ കൊടുക്കുന്ന തുക ലോൺ ആയി അടയ്ക്ക ത്തക്ക വിധത്തിൽ ചെറിയ ഫ്ളാറ്റുകൾ നിർമ്മിച്ചു കൊടുക്കാനും ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഭവന നിർമ്മാണ ബോർഡ് നടപടി സ്വീകരിക്കണം. ജലസേചന രംഗത്തും ജല വിതരണ രംഗത്തും ഒട്ടേറെ മാറ്റങ്ങൾ വരുത്താൻ ഈ ഗവൺമെന്റിന് കഴി ഞ്ഞിട്ടുണ്ട്. അന്തർ സംസ്ഥാന നദീജല കരാർ കാര്യക്ഷമമാക്കുന്നതിനും അതിൽ സംസ്ഥാനത്തിന്റെ അവകാശം സംരക്ഷിക്കുന്നതിനും ഡാം സേഫ്റ്റി മെഷേഴ്സ് ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. സംസ്ഥാനത്തിന്റെ എല്ലാഭാഗത്തും കുടിവെള്ള മെത്തിക്കുന്നതിന് കഴിയുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഒരു സമഗ്ര ജലനയം പ്രഖ്യാപിക്കണം. ജലസേചന പദ്ധതിയുമായി ബന്ധ പ്പെട്ടുകൊണ്ടുള്ള അഴിമതിക്കേസുകളിൽ തീർപ്പുകല്പിക്കുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കണം. മൂവാറ്റുപുഴ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കണം. ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുത്ത് സംരക്ഷിക്കു ന്നതിനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നാമാവശേഷമായിക്കൊണ്ടിരി ക്കുന്ന പമ്പ് സെറ്റുകൾ, മോട്ടോർ എന്നിവ നവീകരിക്കുന്നതിനും നദിക ളിൽനിന്നും ഒഴുകിവരുന്ന വെള്ളം ഒഴുകിപ്പോകാതെ വ്യാപകമായി തടയണകൾ നിർമ്മിച്ച് തടഞ്ഞ് നിറുത്തുന്നതിനും ജലസ്രോതസ്സുകൾ

സംരക്ഷിച്ച് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജലവിഭവ വകുപ്പുമന്ത്രി ജലനയത്തിന്റെ ഒരു കരട് രേഖ നിയമസഭയിൽ അവതരിപ്പിച്ചതിൽ നിരവധി കാര്യങ്ങൾ നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 1993–ലെ ഗവണ്മെന്റ് പ്രഖ്യാപിച്ച ജലനയത്തിലെ കാര്യങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതിനാൽ ഉള്ള കൃഷിയിടങ്ങളിൽനിന്നും പ്രതീക്ഷിക്കുന്ന തരത്തിലുള്ള കാർഷിക വിളകൾ ഉൽപാദിപ്പിക്കാൻ കഴിയണം. പദ്ധതികൾക്കാവശ്യമായ തുക മാറ്റിവയ്ക്കണം. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയും മീനച്ചിൽ നദീതട പദ്ധതിയും എത്രയുംവേഗം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിന് കൂടുതൽ തുക വകയിരുത്തുകയും അത് പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയും ജലസ്രോതസ്സുകളെ സംരക്ഷിക്കുകയും ജലശുചീകരണത്തിനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. മെഡിക്കൽകോളേജുകളോടും നഗരസഭകളോടും അനുബന്ധിച്ച് ജലശുദ്ധീകരണ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ഹഡ്കോയിൽനിന്നും എടുത്ത വായ്പയുടെ കുടിശ്ശിക കഴിഞ്ഞ ഗവണ്മെന്റാണ് കൊടുത്തുതീർത്തത്. കഴിഞ്ഞ ഗവണ്മെന്റ് ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ധാരാളം വീടുകൾ കൊടുത്തിട്ടുണ്ട്. ഗവണ്മെന്റിന്റെ ധൂർത്ത് അവസാനിപ്പിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനഭൂമി സംരക്ഷണത്തിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. ഉദ്യോഗസ്ഥരെക്കൊണ്ട് സർവ്വേനടത്തി വനഭൂമിയുടെ വിസ്തൃതി തിട്ടപ്പെടുത്തണം. മറ്റ് വകുപ്പുകൾ കൈവശം വച്ചിരിക്കുന്ന വനഭൂമിയെക്കുറിച്ചും വനഭൂമി കൈയ്യേറ്റത്തെ ക്കുറിച്ചും അന്വേഷിക്കണം. പാവപ്പെട്ട കർഷകരേയും വൻകിട ഭൂമി കൈവശക്കാരെയും വ്യത്യസ്തമായി ട്രീറ്റ് ചെയ്യണം. വനഭൂമി കൈയ്യേറ്റ ക്കാരെ ഒഴിപ്പിക്കുന്നതിനായി കഴിഞ്ഞ ഗവണ്മെന്റ് ഹൈക്കോടതിയിൽ സമർപ്പിച്ച അഫിഡവിറ്റിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയെടുത്തു വെന്നത് പരിശോധിക്കണം. യഥാർത്ഥ കർഷകർക്ക് പട്ടയം ലഭ്യമാക്കണം. നെടുമ്പാശ്ശേരി എയർപോർട്ടിനുവേണ്ടി എടുത്ത സ്ഥലത്ത് നഷ്ടപ്പെട്ട ഗ്രീനറിക്കു പകരം മരം വച്ചുപിടിപ്പിക്കാൻ നടപടിയുണ്ടാകണം. അങ്കമാലി പ്രദേശത്ത് ഒരു ഫോറസ്റ്റ് ഡിവിഷൻ ആരംഭിക്കണം. എറണാകുളം ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തണം. മലയാറ്റൂർ പ്രദേശത്ത് ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കാൻ പദ്ധതിയുണ്ടാക്കണം. കുടിവെള്ള ശുചീകരണത്തിന് മെച്ചപ്പെട്ട സംവിധാനം ഏർപ്പെടുത്തുകയും ജലസേചന പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഭവന നിർമ്മാണ ബോർഡിന്റെ ഭാഗത്തുനിന്ന് ജനോപകാരപ്രദമായ നടപടികൾ ഉണ്ടാകണം. 1980–ൽ ആരംഭിച്ച ഇടമലയാർ പദ്ധതി ഭാഗികമായിപ്പോലും കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. വൺടൈം സെറ്റിൽമെന്റ് പ്രകാരം പണമട ച്ചവർക്ക് ഭൂമി സംബന്ധമായ രേഖകൾ തിരിച്ചുനൽകണം. കുടിവെള്ളക്ഷാമം പരിഹരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് ഇരുസംസ്ഥാനങ്ങളും ചർച്ചകളിലൂടെ പരിഹാരം കാണണമെന്ന സുപ്രീം കോടിതി വിധി ഒരു പുത്തൻ പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. ജലനിരപ്പ് 132 അടി എന്നത് 142 അടിയായും പിന്നീട് 152 അടിയായും ഉയർത്താൻ അനുവാദം നൽകുന്ന സുപ്രീം കോടതി വിധി കേരളത്തിന് വളരെയേറെ ആശങ്ക ഉയർത്തിയതായിരുന്നുവെങ്കിലും പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒരു വിധിയാണ് ഇപ്പോൾ സമ്പാദിച്ചിരിക്കുന്നത്. കേരളത്തിലെ നാലഞ്ച് ജില്ല കളിലെ 30 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന, 111 വർഷം പഴക്കമുള്ള ഈ അണക്കെട്ടിനെ സംബന്ധിച്ച് രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ പരസ്പരം ചർച്ച ചെയ്ത് തീരുമാനം എടുക്കണം; ഇല്ലെങ്കിൽ കേന്ദ്ര സർക്കാർ ഇടപെടണം. വളരെ പെട്ടെന്നുതന്നെ തീരുമാനം എടുക്കേണ്ട ഒരു കാര്യമാണിത്. ഒരു വർഷം ഏതാണ്ട് 200 ടണ്ണോളം സുർക്കി അവിടെനിന്നും ഒഴുകി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ള ഗൗരവതരമായ സ്ഥിതിയുള്ള പ്പോഴാണ് ഈ വിധി. 1979-ൽ സെൻട്രൽ വാട്ടർ കമ്മീഷൻ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് പഠനം നടത്തിയപ്പോൾ ജലനിരപ്പ് 152 അടി യിൽനിന്നും 132 അടിയായി കുറയ്ക്കണമെന്ന നിഷ്പക്ഷമായ തീരുമാന മാണ് എടുത്തത്. അതിനുശേഷം ഇത് സ്ട്രെംഗ്തൻ ചെയ്തു. ഗ്രൗട്ടിംഗ് നട ത്തണം. പ്രഷറിലുള്ള ഗ്രൗട്ടിംഗാണ് നടത്തേണ്ടിയിരുന്നത്. സും ഇന്ത്യാ കേബ്ലിംഗ് കമ്പനിയാണ് അത് നടത്തിയത്. 95 ഹോളുകളിലായി ഗ്രൗട്ടിംഗ് നടത്തിയതിൽ പ്രഷർ ഗ്രൗട്ടിംഗ് നടത്തിയിട്ടില്ല. സുർക്കിയും കല്ലുംകൊണ്ട് നിർമ്മിച്ച ഡാമിന്റെ ഫ്രണ്ടിൽ മറ്റൊരു സ്ട്രക്ചർ ഉണ്ടാക്കിയിരിക്കുന്നതും ഡാമിന് ഭീഷണിയാണ്. സെൻട്രൽ വാട്ടർ കമ്മീഷൻ 27 വർഷം മുമ്പ്

പറഞ്ഞത്, തൽക്കാലത്തേയ്ക്ക് അറ്റകുറ്റപ്പണികൾ നടത്തുകയും 300 മീറ്റർ താഴെ സൈറ്റ് നിശ്ചയിച്ച് തമിഴ്നാട് ഗവണ്മെന്റും കേരള ഗവണ്മെന്റും സംയുക്തമായി പരിശോധന നടത്തി പെർമനന്റായിട്ട് ഒരു ഡാം പണിയുകയും ചെയ്യണമെന്നായിരുന്നു. അത് തമിഴ്നാട് ഗവണ്മെന്റാണ് പണിയേണ്ടിയിരുന്നത്. ഇതുവരെ ഡാം പണിതില്ല. സംസ്ഥാനത്ത് മാറിമാറി വന്ന ഗവണ്മെന്റുകളും ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കാണിച്ചില്ല. 2000–ൽ ഭൂകമ്പം ഉണ്ടായപ്പോഴാണ് ഇതിന്റെ ഗൗരവം മനസ്സിലാക്കാൻ സാധിച്ചത്. വെള്ളത്തിന്റെ ഒഴുക്ക് ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുക യാണ്. അത് അളക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ഈ ഡാമിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. ഇനി പുതിയൊരു ഡാമല്ലാതെ വേറൊരു മാർഗ്ഗവുമില്ല. 27 കൊല്ലം മുമ്പെടുത്ത തീരുമാനം നടപ്പിലാക്കണം. ഇപ്പോൾ തമിഴ്നാട് 140 മെഗാവാട്ട് വൈദ്യുതി ഈ വെള്ളം ഉപയോഗിച്ചുകൊണ്ട് ഉൽപാദിപ്പിക്കുന്നുണ്ട്. വർദ്ധിച്ച വില കൊടുത്താണ് സംസ്ഥാനം തെർമൽ വൈദ്യുതി വാങ്ങുന്നത്. ഇനി ഒരു ഡാം പണിയേണ്ട ചുമതല ഏറ്റെടുത്ത് അടിയന്തിരമായി പണി ആരംഭിക്കണം. സെൻട്രൽ വാട്ടർ കമ്മീഷന്റെ തീരുമാനത്തിനെതിരെ കേരള ഗവണ്മെന്റിന് തമിഴ്നാട് ഗവണ്മെന്റിനെതിരെ ഒന്നും ചെയ്യാൻ കഴിയില്ല. ഇനിയൊരു ഭൂകമ്പം ഉണ്ടായി ഡാം പൊട്ടി യാൽ 200 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം ഒറ്റയടിക്ക് ഒഴുകിവന്നാൽ ഇടുക്കി പദ്ധതിയുടെ മൂന്ന് ഡാമുകൾക്കും അത് തടയാൻ കഴിയില്ല എന്നതാണ് വിദഗ്ദ്ധ റിപ്പോർട്ട്. അനേക വർഷങ്ങൾ തമിഴ്നാടിന് വെള്ളം കിട്ടേണ്ടുന്ന മുല്ലപ്പെരിയാർ ഡാം തകർന്നാൽ അവർക്ക് വെള്ളം എന്നെന്നേ യ്ക്കുമായി നഷ്ടപ്പെടും. ജനങ്ങളുടെ ജീവന്റെ പ്രശ്നമായ ഈ ഡാമിന്റെ പണി നീട്ടിവയ്ക്കാതെ മറ്റു വകുപ്പുകളിൽനിന്നും തുക കട്ട് ചെയ്താണെ

ങ്കിലും അടിയന്തിരമായി ആരംഭിക്കണം. വെള്ളത്തിന്റെ സെസ്സ് ആയിട്ടും വൈദ്യുതി ചാർജായിട്ടും ഒരു വർഷം അവർക്ക് കിട്ടുന്നത് ഏകദേശം 400 കോടി രൂപയാണ്. തമിഴ്നാടുമായി റീസണബിളായി ഒരു എഗ്രിമെന്റ് ഉണ്ടാക്കണം. കേന്ദ്ര ഗവണ്മെന്റ് ഇക്കാര്യത്തിൽ ഇടപെടണം. കേരളപ്പിറവിയുടെ അമ്പതാം വാർഷികത്തിൽ ഈ ഡാമിന്റെ പണി ആരംഭിക്കണം. 1985–ൽ കമ്മീഷൻ ചെയ്ത ഡാം റീ–കമ്മീഷൻ ചെയ്തതായി പ്രഖ്യാപിക്കണം. അതിനുള്ള ധീരത പ്രഗൽഭനായ ജലവിഭവ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കാണിക്കണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുടിവെള്ളം ചോർന്നുപോകുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഒരു മോണിറ്ററിംഗ് സംവിധാനം വേണം. ജലമോഷണം, അനധികൃത കണക്ഷൻ നൽകൽ എന്നിവ നിറുത്തലാക്കുന്നതിന് നിയമനിർമ്മാണമുണ്ടാക്കുകയും ശക്തമായ പരിശോധന നടത്തുന്നതിന് നിലവിലുള്ള സ്ക്വാഡിന്റെ അധികാരം വിപുലീകരിച്ചുകൊണ്ടുള്ള ഒരു സ്ഥിരം സംവിധാനമുണ്ടാക്കുകയും വേണം. കേരളത്തിലെ പൈപ്പ് ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുടക്കംകുറിച്ച പദ്ധതികൾ പൂർത്തീകരിക്കണം. കടലിൽ കല്ലിടുന്ന സംപ്രദായത്തിന് ഒരു സൂപ്പർവൈസിംഗ് കമ്മിറ്റി രൂപീകരിക്കണം. മുടങ്ങിക്കിടക്കുന്ന ഇറിഗേഷൻ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള ഒരു പദ്ധതിയുണ്ടാക്കണം. ഹൗസിംഗ് ബോർഡ് വഴി നൽകുന്ന വായ്പയ്ക്ക് നിലവിലുള്ള പലിശ സാധാരണക്കാർക്ക് താങ്ങാനാവാത്തതിനാൽ അതിൽ

വ്യക്തമായ നയരൂപീകരണമുണ്ടാകണം. ചന്ദനക്കൊള്ള നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. അന്യാധീനപ്പെട്ടുപോകുന്ന ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി.എം.എ. സലാം:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ശക്തമായ നടപടികളെടുക്കുന്നതിന് ഗവണ്മെന്റിന് സാധിച്ചിട്ടുണ്ട്. മുഴുവൻ ശുദ്ധജല പദ്ധതികളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതിന് ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗത്തിലൂടെ സാധിച്ചു. ശുദ്ധജല വിതരണ പദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി നടത്തിയതിലൂടെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള നടപടിയുണ്ടാകണം. തുടങ്ങിവച്ച ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. കേരളത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകളിലെ ജലം തമിഴ്നാടിന് നൽകുന്ന കരാർ പൊളിച്ചെഴുതാനും കേരളത്തിലെ ജലം കേരളത്തിനുതന്നെ ലഭ്യമാകത്തക്കരീതിയിലുള്ള സംവിധാനമുണ്ടാക്കാനും നടപടി സ്വീകരിക്കണം. ഉദ്യോഗസ്ഥ തലത്തിലുള്ള തസ്തികകൾ നികത്തിയും ശക്തമായ മോണിറ്ററിംഗ് സംവിധാനത്തിലൂടെയും പറമ്പിക്കുളം–ആളിയാർ പദ്ധതിയിൽനിന്ന് തമിഴ്നാട് വെള്ളം ചോർത്തുന്നത് തടയുന്നതിന് ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച ഗുരുതരമായ പ്രശ്നം അഭിനന്ദനാർഹമായ രീതിയിൽ കൈകാര്യം

ചെയ്യുന്നതിന് ഗവണ്മെന്റിനു കഴിഞ്ഞു. ഡാം സേഫ്ടി അതോറിറ്റിയുടെ സഹായത്തോടെ ഡാമുകളുടെ സുരക്ഷ കുറേക്കൂടി ഉറപ്പുവരുത്തണം. വ്യാപകമായ മരം മുറിക്കൽ നിരോധിക്കാനും പ്ളാന്റേഷൻ മേഖലയിലെ വനംവെട്ട് തടയാനും അന്തർ സംസ്ഥാന വനംകൊള്ളയ്ക്ക് തടയിടാനും ഗവണ്മെന്റിനു കഴിഞ്ഞു. വനസംരക്ഷണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും തീരദേശത്തെ വനവൽക്കരണം ലക്ഷ്യംവച്ചുകൊണ്ട് കണ്ടൽ വച്ചുപിടിപ്പിച്ച് തീരദേശ ജൈവകവചം പദ്ധതിക്ക് രൂപം നൽകാനും കഴിഞ്ഞത് ഗവണ്മെന്റിന്റെ നേട്ടമാണ്. 20 കോടിയിലധികം രൂപ വിലവരുന്ന കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നതിനും മറയൂരിലെ ചന്ദനക്കാടുകൾ സംരക്ഷിക്കുന്നതിനും കഴിഞ്ഞു. ചന്ദനമാഫിയയിൽനിന്നും സംസ്ഥാനത്തെ മോചിപ്പിച്ച് ചന്ദനത്തൈലം ഉൽപ്പാദിപ്പിക്കുന്നതിന്റെ പൂർണ്ണമായ അവകാശം സർക്കാരിനുമാത്രം നിക്ഷിപ്തമാക്കുന്ന നിയമഭേദഗതിക്ക് കേന്ദ്ര ഗവണ്മെന്റിൽനിന്നും അനുമതി വാങ്ങാൻ കഴിഞ്ഞു. ശബരിമല വികസനത്തിന് വനഭൂമി വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് ദീർഘകാലമായി നിലനിന്നിരുന്ന പ്രശ്നങ്ങൾ തീർക്കുകയും വനം വകുപ്പിന്റെ 110 ഹെക്ടർ ഭൂമിയും പെരിയാർ ടൈഗർ കേന്ദ്രത്തിലെ 12 ഹെക്ടർ ഭൂമിയും ദേവസ്വം ബോർഡിന് കൈമാറുകയും ചെയ്തത് അഭിനന്ദനാർഹമാണ്. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് നടന്ന വനം കയ്യേറ്റത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. 1977 ജനുവരി 1–നു മുമ്പ് വനഭൂമിയിൽ താമസമാരംഭിച്ചവരെ സംരക്ഷിക്കുകയും വ്യാജപട്ടയം ഉപയോഗിച്ച് ഭൂമി കൈയേറിയവരെ ഒഴിപ്പിക്കുകയും ചെയ്യുമെന്നുള്ള ഗവണ്മെന്റിന്റെ പ്രഖ്യാപനം അടിയന്തിരമായി നടപ്പാക്കണം. വനം കൊള്ളക്കാരേയും ചന്ദന മാഫിയയേയും പൂർണ്ണമായും അടിച്ചമർത്താൻ വനപാലകർക്ക്

ആധുനിക ആയുധങ്ങളും ആവശ്യമായ വാഹനങ്ങളും നൽകണം. കേരളത്തിൽ എല്ലാപേർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടി ദുർബ്ബല ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി ഭവന നിർമ്മാണ വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിലെ പ്രതിസന്ധി പരിഹരിക്കാൻ കൈക്കൊണ്ട നടപടിമൂലം വായ്പാ കുടിശ്ശിക കുറേയേറെ തിരിച്ചടയ്ക്കാനും വിറ്റഴിയാതെ കിടന്ന വീടുകൾ, ഫ്ളാറ്റുകൾ, ഷോപ്പിംഗ് കോംപ്ളക്സുകൾ എന്നിവ വിറ്റഴിക്കാനും സാധിച്ചത് നല്ല കാര്യമാണ്. ലക്ഷം വീടുകൾ പുനരുദ്ധരിക്കുമെന്ന പ്രഖ്യാപനം പാവപ്പെട്ടവർക്ക് ആശ്വാസ കരമാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിൽ കൂടുതൽ കൊള്ളയടിക്കപ്പെടുന്നത് വനവും ജലസമ്പത്തുമാണ്. കാലഹരണപ്പെട്ട മുല്ലപ്പെരിയാർ കരാറിലൂടെയും കാലാവധി കഴിഞ്ഞ പറമ്പിക്കുളം-ആളിയാർ കരാറിലൂടെയും കേരളത്തിന്റെ വൻതോതിലുള്ള ജലം തമിഴ്നാട് ചോർത്തുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. മഴവെള്ളം ഫലപ്രദമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയിലൂടെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയും. പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം. കൊതുകുകൾ പെരുകുകയും അതുവഴി രോഗങ്ങൾ പടരുകയും ചെയ്യുന്നതിനാൽ സാനിട്ടേഷന് ഫലപ്രദമായ സംവിധാനമുണ്ടാക്കുന്നതിന് കൂടുതൽ സംഖ്യ അനുവദിക്കണം. മുടങ്ങിക്കിടക്കുന്ന ജലനിധി പദ്ധതികൾ പൂർത്തിയാക്കുന്ന തിനുള്ള നടപടി സ്വീകരിക്കണം. ലക്ഷംവീട് പോലെയുള്ള ഭവനനിർമ്മാണ പദ്ധതികളാവിഷ്ക്കരിച്ച് പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കണം. വനം കൊള്ള

തടയുന്നതിനും വന്യ ജീവികളെ സംരക്ഷിക്കുന്നതിനും പദ്ധതികളാവിഷ്ക്കരിക്കണം. ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് ആവശ്യമായ ആയുധങ്ങൾ നൽകണം. ചന്ദനമരങ്ങൾക്ക് നമ്പരിടുന്നതിലുള്ള തട്ടിപ്പ് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കണം. വനസമ്പത്ത് കൊള്ളയടിക്കുന്നതു സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നവർക്ക് മതിയായ പ്രൊട്ടക്ഷനും ഉയർന്ന പാരിതോഷികവും നൽകണം.

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാർഷിക മേഖല സംരക്ഷിക്കുന്നതിന് ധീരമായ നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. കാർഷിക കടാശ്വാസം, വില നിർണ്ണയ കമ്മിഷൻ എന്നിവ കൊണ്ടുവന്ന ഗവണ്മെന്റിന് കടക്കെണിയിൽപ്പെട്ട കാപ്പി, കുരുമുളക് കർഷകർക്ക് സാമ്പത്തിക സഹായം കൊടുക്കാനും കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാനും കഴിഞ്ഞിട്ടുണ്ട്. ആദിവാസികൾക്ക് ഭൂമി കൊടുക്കാനും കാലവർഷക്കെടുതികൾമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ കൊടുക്കാനും ഗവണ്മെന്റിനു കഴിഞ്ഞു. രാജ്യത്തിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കുന്നതിന് ജനപ്രതിനിധികളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ഭാരവാഹികളുടെ യോഗം വിളിച്ചുചേർത്ത തിലൂടെ സാധിച്ചിട്ടുണ്ട്. ജലനിധി പദ്ധതി, ഡാനിഡ പദ്ധതി, ജപ്പാൻ കുടിവെള്ള പദ്ധതി എന്നിവകളിലെ അപാകതകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. വഴിയോരങ്ങളും പാതവക്കുകളും മലിന പ്പെടുത്തുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. രാസപദാർത്ഥ ങ്ങൾ ഉപയോഗിച്ച് മൃഗങ്ങളുടെ തോൽ സംസ്ക്കരിക്കുന്നതു വഴി അതിലെ മാലിന്യം ചുറ്റുപാടുമുള്ള കിണറുകളിലേയ്ക്ക് വ്യാപിക്കുന്നത് തടയണം. ഇക്കാര്യത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ

പ്രവർത്തനം പലപ്പോഴും ഫലപ്രദമാകുന്നില്ല. വെള്ളത്തിന്റെ കാര്യത്തിൽ കേരളം സമ്പുഷ്ടമാണെങ്കിലും 44 നദികളിലേയും വെള്ളം പാഴായിപ്പോകുകയാണ്. അണകെട്ടിയും മറ്റു മാർഗ്ഗത്തിലൂടെയും വെള്ളം തടഞ്ഞുനിർത്തി വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കണം. പല പദ്ധതികളുടെയും പ്രവർത്തനം മുടങ്ങിയിരിക്കുകയാണ്. സൈലന്റ്‌വാലിക്ക് പകരം പൂയംകുട്ടി ലഭിക്കുമെന്നു പറഞ്ഞിരുന്നുവെങ്കിലും അത് കിട്ടിയില്ല. ചമ്രവട്ടം പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ മലമ്പുഴ, പെരിയാർ പദ്ധതികൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കുന്ന നയമാണ് സ്വീകരിച്ചത്. പത്ത്മുപ്പത് വർഷം മുമ്പ് ആരംഭിച്ച പദ്ധതികളുടെ പണി പൂർത്തീകരിക്കാനാ കാത്തത് ഗൗരവമായി കാണണം. തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷമേ മറ്റ് പദ്ധതികൾ തുടങ്ങാവൂ. വനം വകുപ്പിൽ നല്ല രീതിയിലുള്ള മാറ്റങ്ങൾ വരുത്താനാണ് വനം വകുപ്പുമന്ത്രി ശ്രമിക്കുന്നത്. ഇറിഗേഷനുമായി ബന്ധപ്പെട്ട നല്ല കാര്യങ്ങൾ ചെയ്യാൻ വകുപ്പുമന്ത്രി ശ്രമിക്കുകയാണ്.

ശ്രീ. കെ. അച്ചുതൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ നാലുമാസക്കാലംക്കൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി സമസ്ത മേഖലകളിലേയും ജനങ്ങൾക്ക് ദുരന്തമാണ് നൽകിയത്. ഇവിടെ ഭരണം നിശ്ചലമായിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പാവപ്പെട്ടവർക്ക് കൊടുത്തുകൊണ്ടിരുന്ന ധനസഹായം ഈ ഗവൺമെന്റ് പൂർണ്ണമായും നിർത്തലാക്കി. ക്യാൻസർ രോഗികൾക്ക് നൽകിക്കൊണ്ടിരുന്ന സഹായം ലഭിക്കുന്നില്ല. പകർച്ചവ്യാധിയും വിദ്യാഭ്യാസ മേഖലയിലെ അനിശ്ചിതത്വവുംമൂലം ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. കർഷകരെ ആത്മഹത്യയ്ക്ക് പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ്

സ്വീകരിച്ചിരിക്കുന്നത്. കൊഴിഞ്ഞാമ്പാറയിൽ കുടിവെള്ളം എത്തിക്കാൻ നടപ്പാക്കിയ പദ്ധതികൾ പലതും മുടങ്ങിക്കിടക്കുകയാണ്. കനാലിന്റെ പണി വരട്ടയാർവരെ എത്തിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോഴത്തെ ജലസേചന വകുപ്പുമന്ത്രി അവിടെ വന്നു് ജനങ്ങളുടെ ബുദ്ധിമുട്ട് നേരിൽ കണ്ട് മനസ്സിലാക്കുകയും നബാർഡിന്റെ സഹായത്തോടെ പദ്ധതി പൂർത്തിയാക്കാമെന്ന് പറയുകയും ചെയ്തു. 42 ഏക്കർ സ്ഥലം സൗജന്യമായി നൽകിയാണ് കനാലിന്റെ ഇതുവരെയുള്ള പണി നടത്തിയത്. ബാക്കിയുള്ള ഭൂമിയും സൗജന്യമായി നൽകാൻ തയ്യാറാണ്. വേലന്താവളംവരെ കനാൽ നീട്ടാൻ സാധിച്ചാൽ എലപ്പുള്ളി പഞ്ചായത്തിലും വെള്ളം ലഭിക്കും. വടകരയിലും പരിസര പ്രദേശത്തും ഇപ്പോഴും ലോറിയിലാണ് വെള്ളം എത്തിക്കുന്നത്. അത് അവസാനിപ്പിക്കുന്നതിന് അടിയന്തിരമായി 10 ലക്ഷം രൂപ പൈപ്പ് ലൈൻ ഇടുന്നതിന് അനുവദിക്കണം. എം.എൽ.എ. ഫണ്ട് കുറച്ചുകൂടി അനുവദിക്കണം. നബാർഡിന്റെ അംഗീകാരം ലഭിച്ച പ്രസ്തുത പണികൾ അടിയന്തിരമായി തുടങ്ങാൻ ആവശ്യമായ സംവിധാനമുണ്ടാകണം. ജലവിഭവ വകുപ്പിലെ ചില ഉദ്യോഗസ്ഥർ നടത്തിയ അഴിമതിയുടെ ഫലമായി ചില പണികൾ തടസ്സപ്പെട്ടി ട്ടുണ്ട്. രണ്ട് പഞ്ചായത്തുകളിലെ വൈദ്യുതി കുടിശ്ശിക നൽകാൻ കഴിയാത്ത തിനാൽ അത് എഴുതിത്തള്ളാൻ നടപടി ഉണ്ടാകണം. മീനാക്ഷിപുരത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തുക അനുവദിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. മീനാക്ഷിപുരത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.

ശ്രീമതി കെ. കെ. ലതിക: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലസ്രോതസ്സുകളെ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ഉതകുന്ന ജലനയം

രൂപീകരിക്കണം. അധികാരവും 33 ശതമാനം ഫണ്ടും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സാഹചര്യത്തിൽ നിരവധി കുടിവെള്ള പദ്ധതികൾ രൂപീകരിക്കപ്പെട്ടുവെങ്കിലും ആ പദ്ധതികൾ ഇന്നും പ്രതിസന്ധിയിലാണ്. ചെറുകിട പദ്ധതികൾക്ക് മാത്രം വൈദ്യുതി താരിഫും വൻകിട പദ്ധതികൾക്ക് വ്യവസായ താരിഫുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആവിഷ്ക്കരിച്ച പദ്ധതികൾ നടപ്പാക്കാത്തതുമൂലം കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥയിലേയ്ക്ക് പോകുന്നതിന് മാറ്റമുണ്ടാകണം. ജലത്തിന്റെ ആവശ്യവും നിലനിൽപ്പും ആധാരമാക്കി ആവശ്യമെങ്കിൽ ഈ വിഷയം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തണം. ടെറസ്സുകളിലൂടെ ലഭിക്കുന്ന മഴവെള്ളം ജലസംഭരണികളിലെത്തിക്കുന്നത് സംബന്ധിച്ച് നിർബന്ധ പരിശോധന നടത്തണം. മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല. മഴവെള്ളം സംഭരിക്കാനും സംഭരണികൾ നിർമ്മിക്കാനും ആവശ്യമായ നിർദ്ദേശം നൽകണം. ഇന്ന് ശുദ്ധജലം ലഭിക്കുന്നതിന് ഏറ്റവും കൂടുതൽ പ്രയാസം നേരിടുന്നു. ജലസ്രോതസ്സുകൾ പല രൂപത്തിലും മലിനപ്പെടുന്നതാണ് ഇതിന് കാരണം. സംസ്ഥാനത്ത് പ്ളാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായും നിരോധിക്കണം; അതിന് പ്രത്യേക സ്ക്വാഡുകളെ നിയോഗിക്കണം. ഇതു സംബന്ധിച്ച് സമഗ്രമായ പാക്കേജ് ആവിഷ്ക്കരിക്കണം. മറയൂരിലെ ചന്ദനക്കൊള്ള ഒരു പരിധിവരെ തടയുന്നതിന് വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി വനഭൂമി കയ്യേറ്റവും വനംകൊള്ളയും തടയാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. നിക്ഷിപ്ത വനഭൂമിയും റിസർവ്വ് വനഭൂമിയും കാവുകളും സംരക്ഷിക്കണം. ഓരോ നഗരത്തിലും നിശ്ചിത ഏരിയയിൽ മരം വച്ചുപിടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ജനപ്രതിനിധികളും വനം

വകുപ്പ് ഉദ്യോഗസ്ഥരും സന്നദ്ധ സംഘടനകളും ഉൾപ്പെടുന്ന ഓരോ കർമ്മ സമിതികൾ വനസംരക്ഷണത്തിന്റെ ഭാഗമായി പഞ്ചായത്ത് വാർഡുകൾ തോറും രൂപീകരിക്കുകയും വനം സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഇത്തരം കർമ്മസമിതികൾക്ക് പങ്കാളിത്തമുണ്ടാകുകയും വേണം. വനാതിർത്തി ശാസ്ത്രീയമായി നിർണ്ണയിക്കാൻ കഴിയാത്തതിനാൽ നിക്ഷിപ്ത വനഭൂമിയുടെ അതിർത്തി പുനർനിർണ്ണയം ചെയ്യണം. വനം വകുപ്പിന്റെ പ്രവർത്തനത്തിൽ ജനപ്രതിനിധികൾക്ക് പങ്കാളിത്തം ഉറപ്പു വരുത്തണം. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ വന നയത്തിൽ വ്യവസ്ഥകളുണ്ടാക്കണം. എല്ലാവർക്കും പാർപ്പിടം എന്ന നയം പ്രാവർത്തികമാക്കാനായി നടപടികൾ സ്വീകരിക്കുകയും അതിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന തുക വർദ്ധിപ്പിക്കുകയും വേണം. ഇടത്തരം വരുമാനക്കാർക്ക് ഭവന വായ്പ ലഭ്യമാക്കുകയും പാവപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് പൂർണ്ണ സബ്സിഡി നൽക്കുകയും വേണം. വീടിന്റെ വലിപ്പം കണക്കാക്കി നികുതി ചുമത്താനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണം. വലിയ കെട്ടിടങ്ങളിൽനിന്ന് ലഭിക്കുന്ന അധിക നികുതി പാവപ്പെട്ടവർക്ക് വീട് വച്ചുനൽകാൻ ചെലവഴിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതികൾക്കായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തണം. കാർഷികാവശ്യത്തിന്റെ അടിസ്ഥാനത്തിൽ ജലസേചന രംഗത്തെ വിലയിരുത്തണം. കേരളാ വാട്ടർ അതോറിറ്റി കൈമാറിയിട്ടുള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ട്. ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളുമായി ചർച്ച

നടത്തുകയും അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

ശ്രീ. കെ. അജിത്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വന മാഫിയ കളെ നിയന്ത്രിച്ച് വനഭൂമി സംരക്ഷിക്കുന്നതിലും വനസമ്പത്ത് പൊതുസ്വത്താണെന്ന് കണ്ട് തീരുമാനങ്ങളെടുക്കുന്നതിലും നടപടികൾ സ്വീകരിച്ച ഒരു ഗവണ്മെന്റാണിത്. വനം, വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അതു സംരക്ഷിക്കാനായി ബഹുജന പങ്കാളിത്തത്തോടുകൂടി വനപരിപാലന നിയമം ഭേദഗതി ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ ദുരിതാശ്വാസനിധിയിൽനിന്ന് സാമ്പത്തികസഹായം ഉൾക്കൊണ്ടുകൊണ്ട് തീരപ്രദേശങ്ങളിൽ കണ്ടൽ വനങ്ങൾ വച്ചുപിടിപ്പി ക്കുന്നതിനും ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടുകൂടി തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള ഗവണ്മെന്റിന്റെ നടപടികൾ ശ്ലാഘനീയമാണ്. മറയൂരിലെ ചന്ദനംകൊള്ള നിയന്ത്രിക്കാൻ കഴിഞ്ഞു. വനപാലകർക്ക് പുതിയ ആയുധങ്ങൾ നൽകി. നാല് മാസത്തിനകം 31 കേസ്സുകൾ ചാർജ് ചെയ്യാൻ സാധിച്ചതും ആ മേഖലയിലെ നേട്ടത്തിന്റെ ഭാഗമാണ്. വനംകയ്യേറ്റം നടത്തുന്നവരെ കണ്ടെത്തി ജാമ്യമില്ലാത്ത വകുപ്പിൽപ്പെടുത്തി കേസ്സെടുക്കാൻ നടപടികൾ സ്വീകരിക്കണം. തുടങ്ങിവച്ച ശുദ്ധജല പദ്ധതികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. ഗവണ്മെന്റ് വിതരണം ചെയ്യുന്ന കുടിവെള്ളം മാലിന്യം നിറഞ്ഞതാണെന്നുള്ള പ്രചരണം നടത്തുന്ന കുടിവെള്ള വിൽപ്പനക്കാരെ ഒഴിവാക്കി കേരളത്തിൽ ഒരു പുതിയ ജലനയം നടപ്പിലാക്കണം. കേരള സംസ്ഥാനം 50-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ജലനയത്തിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും ഗവണ്മെന്റിന്റെ നേതൃത്വത്തിൽ ഒരു

പൊതു കുളം സംരക്ഷിക്കുകയും അത് കുടിവെള്ള പദ്ധതിയായി രൂപീകരിക്കുകയും ചെയ്യണം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതിവിഭവങ്ങൾ വൻതോതിൽ ചൂഷണം ചെയ്യുന്ന സാഹചര്യത്തിൽ പ്രകൃതിരമണീയതയും ജൈവവൈവിദ്ധ്യങ്ങളും നിറഞ്ഞ വനസമ്പത്ത് കാത്തുസൂക്ഷിക്കാനായി ഗവണ്മെന്റിന്റെ ഇടപെടൽ അത്യാവശ്യമാണ്. മഴക്കാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് രൂക്ഷമായ വരൾച്ചയും നേരിടുന്ന കേരളത്തിൽ ധാരാളം ജലസ്രോതസ്സുകളുണ്ടെങ്കിലും കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയുണ്ടാകുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചത്. നശിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കണം. തടയണകളും ഡാമുകളും നിർമ്മിച്ച് മഴവെള്ളം തടഞ്ഞുനിർത്തി സംരക്ഷിക്കണം. കുഴൽക്കിണറുകൾ കുഴിക്കുന്ന കാര്യത്തിൽ നിയന്ത്രണമുണ്ടാകണം. അനിയന്ത്രിതമായ മണൽവാരൽ തടഞ്ഞില്ലെങ്കിൽ ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാകും. ശുദ്ധജല പദ്ധതികൾ സംസ്ഥാനത്ത് ആവശ്യമാണ്. കാസർഗോഡ് ജില്ലയിലെ ഒരു നദിയിലും ജലസംഭരണത്തിനുള്ള സംവിധാനമില്ല. മൂന്നാംകടവ് പദ്ധതി ഈ സർക്കാരിന്റെ കാലത്തുതന്നെ കമ്മീഷൻ ചെയ്യാനുള്ള സംവിധാനമുണ്ടാകണം. ജലസംഭരണികളിൽ അടിയുന്ന മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കണം. പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് അത്യന്താപേക്ഷിതമായ വനം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വ്യാപകമായ വനം കയ്യേറ്റവും ചന്ദനക്കള്ളക്കടത്തും നടന്നിരുന്നു. ചന്ദന ഫാക്ടറികൾ ഗവൺമെന്റിന്റെ

നിയന്ത്രണത്തിൽ മാത്രമേ പ്രവർത്തിപ്പിക്കാവൂ. ഈ സർക്കാർ വനം സംരക്ഷിക്കുന്നതിനായി എടുത്ത നടപടികൾ ശ്ലാഘനീയമാണ്. വർഷങ്ങളായി വനത്തിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനും അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണ ബോർഡ് വരുത്തിവച്ച 1062 കോടി രൂപയുടെ കടബാധ്യതയിൽ 690 കോടി രൂപയും ഈ സർക്കാരാണ് വഹിച്ചത്. ബാക്കി തുക അടയ്ക്കാൻ വൺ ടൈം സെറ്റിൽമെന്റ് ഉണ്ടാക്കുന്നതിന് ഹഡ്കോയുമായി ചർച്ച നടത്തിയിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിനെ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഈ ബോർഡ് ഈടാക്കുന്ന അമിത പലിശ കുറയ്ക്കണം. ഈ സർക്കാരിന്റെ കാലത്തു തന്നെ കേരളത്തിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കണം. വൺ ടൈം സെറ്റിൽമെന്റ് കുറേക്കൂടി ശാസ്ത്രീയമായി പുന:ക്രമീകരിക്കേണ്ടത് അത്യാവശ്യമാണ്. ഭവന നിർമ്മാണ ബോർഡിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ വികലമായ നയമാണ്. റവന്യൂ ടവർ നിർമ്മിച്ചതിലും സ്ഥലമെടുപ്പ് നടത്തിയതിലും യു.ഡി.എഫ്. ഗവൺമെന്റ് അഴിമതി നടത്തി. കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയത്തക്ക നിലയിൽ കാര്യങ്ങൾ ഏറ്റെടുക്കാൻ ഈ സർക്കാരിന് കഴിയണം. ലക്ഷംവീടുകളുടെ അവസ്ഥ ശോചനീയമാണ്. അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാത്ത ഇത്തരം വീടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ.സി.പി.മുഹമ്മദ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവും

കൂടുതൽ ജലസമൃദ്ധമായ സംസ്ഥാനം കേരളമാണ്. കേരള വാട്ടർ അതോറിറ്റിയും ജല വിഭവ വകുപ്പും മണ്ണ് സംരക്ഷണ വകുപ്പും ഭൂഗർഭ ജല ഗവേഷണ കേന്ദ്രവും ഉണ്ടായിട്ടും ജലസാക്ഷരത നേടാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ജനാധിപത്യ പ്രക്രിയയിൽ ഭരണങ്ങൾ മാറി വരുമ്പോൾ നയങ്ങളും പരിപാടികളും അതിന്റെ തുടർച്ചയാകും. സംസ്ഥാനത്ത് മഴയെ ആശ്രയിച്ചാണ് ജലസേചന ആവശ്യങ്ങൾ നിർവ്വഹിക്കുന്നത്. സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളത്തിന്റെ 90 ശതമാനവും നദികളിലൂടെ കടലിലേയ്ക്ക് ഒഴുകിപ്പോകുന്നു. 3 കോടി ജനങ്ങൾക്ക് 1200 ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമാണ്. കൂടാതെ 3 ലക്ഷം ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കണം. ഇപ്പോൾ കാർഷിക ആവശ്യത്തേക്കാൾ ഗാർഹിക-വ്യാവസായിക ആവശ്യങ്ങൾക്കാണ് വെള്ളം വേണ്ടത്. ജലവും വനവും സംരക്ഷിക്കുന്ന കാര്യത്തിൽ മാധ്യമങ്ങളുടെ ശക്തമായ ഇടപെടൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 1993-ലെ ജലനയം കാലോചിതമായി പരിഷ്ക്കരിക്കണം. സാധാരണക്കാരേയും പാവപ്പെട്ടവരേയും വെള്ളക്കരം അടിച്ചേൽപ്പിക്കുന്ന രീതിയിൽ നിന്നും പിന്തിരിയണം. ജപ്പാൻ കുടിവെള്ള പദ്ധതിയടക്കമുള്ള ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. കുടിവെള്ളമെടുക്കുന്ന നദികളിലെ വെള്ളത്തിൽ കോളിഫാം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി കൂടുന്നത് തടയാനായി ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണം. വാട്ടർ അതോറിറ്റിയുടെ മൂലധനം മറ്റ് ചെലവുകൾക്ക് വിനിയോഗിക്കുന്നത് തടയണം. സംസ്ക്കാരത്തിന്റെയും പൈതൃകത്തിന്റെയും മഹാശക്തികളായ സംസ്ഥാനത്തെ നദികൾ സംരക്ഷിക്കപ്പെടണം. മാഹാത്മ്യം കണക്കിലെടുത്ത് ഭാരതപ്പുഴയെ സംരക്ഷിക്കണം. നദികളുടെ സംരക്ഷണത്തിനായി ഒരു അതോറിറ്റി രൂപീകരിക്കണം.

തമിഴ്നാട് ഇപ്പോൾ ഉപയോഗിക്കുന്ന മുല്ലപ്പെരിയാറിലെ വെള്ളം കേരളത്തിനവകാശപ്പെട്ടതാണെന്ന് സർ സി.പി രാമസാമി അയ്യർ കോടതി മുൻപാകെ വാദിച്ചിട്ടുണ്ട്. അങ്ങനെ ഒരഭിപ്രായം പറയാനുള്ള ആർജ്ജവം നമുക്കില്ല. ആ പാട്ടക്കരാർ നിലവിൽ വന്ന ശേഷം ഇവിടെ അധികാരത്തിൽ വന്ന ഒരു സർക്കാരിനും കരാറിലെ വ്യവസ്ഥകൾ മാറ്റാൻ സാധിച്ചിട്ടില്ല. മുല്ലപ്പെരിയാറിനു പകരം പുതിയൊരു അണക്കെട്ട് ഉണ്ടാക്കണം. മുല്ലപ്പെരിയാർ സംബന്ധിച്ച സുപ്രീം കോടതിയുടെ പരാമർശം കേരളത്തി നനുകൂലമായതിനു കാരണം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പാസ്സാക്കിയ നിയമമാണ്. നമ്മുടെ വനസമ്പത്തിനെക്കുറിച്ച് പറയുകയാണെങ്കിൽ, ജൈവ വൈവിധ്യ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന കേരളത്തിലെ വനപ്രദേശങ്ങൾ കയ്യേറുന്നത് ഇപ്പോൾ സർവ്വസാധാരണ മായിരിക്കുകയാണ്. വനം കയ്യേറ്റവും അനധികൃത വനസമ്പത്ത് ചൂഷണവും തടയണം. എൽ.ഡി.എഫ് സർക്കാരിന്റെ നാല് മാസത്തെ ഭരണനേട്ടം എന്നു പറയാൻ ഒന്നും തന്നെയില്ല. ചന്ദനകള്ളക്കടത്തുമായി ബന്ധപ്പെട്ട സ്ട്രോങ്ങ് റൂം കേസ് സി.ബി.ഐ.യെ ഏൽപ്പിച്ചത് യു.ഡി.എഫ്. ഭരണ കാലത്തായിരുന്നു. മൈത്രിഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വിദേശ മലയാളികളിൽനിന്ന് ലഭിച്ച തുകയുടെ കണക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭയെ അറിയിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : ധനാഭ്യർത്ഥന കളെ അനുകൂലിച്ചും എതിർത്തും ഇരുപക്ഷത്തുനിന്നും വന്ന വിലപ്പെട്ട നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ട മഴ ലഭിക്കുന്ന കേരളം നദികളും പുഴകളും തടാകങ്ങളും നീർത്തടങ്ങളും തണ്ണീർത്തടങ്ങളുംകൊണ്ട് വളരെ സമ്പന്നമാണ്. കൃഷി, കുടിവെള്ളം,

വിദ്യുച്ഛക്തി ഉൽപ്പാദനം തുടങ്ങിയ കേരളത്തിന്റെ വികസന കാര്യങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുത്തുക എന്നുളളതാണ് ഈ ഗവൺമെന്റിന്റെ മുഖ്യ അജണ്ട. സംസ്ഥാനത്തിന്റെ ജലവിഭവ സമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ശാസ്ത്രീയമായ ഒരു ജലവിഭവ മാനേജുമെന്റ് പോളിസി ആവശ്യമാണ്. അനധികൃത മണലൂറ്റൽ, മാലിന്യ നിക്ഷേപം എന്നിവയിൽനിന്നും പുഴകളെയും നദികളെയും തടാകങ്ങളെയും ജലസ്രോതസ്സുകളെയും സംരക്ഷിക്കുക എന്ന ഈ കാലഘട്ടത്തിന്റെ മുദ്രാവാക്യം ഏറ്റെടുക്കാൻ കക്ഷി രാഷ്ട്രീയവും മുന്നണി രാഷ്ട്രീയവും മറന്ന് കേരളത്തിലെ ജനത ഒറ്റക്കെട്ടായി മുന്നോട്ടുവരണം. ജലവിഭവ സംരക്ഷണ അവബോധം വളർത്തിക്കൊണ്ടുവരുന്നതോടൊപ്പം ശക്തമായ നിയമനിർമ്മാണത്തിലൂടെ കേരളത്തിന്റെ ജലസ്രോതസ്സുകൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചും സമയബന്ധിതമായി ജലസേചന പദ്ധതികൾ പൂർത്തിയാക്കിയും ഈ രംഗത്ത് കേരളം നേരിടുന്ന പ്രതിസന്ധി അതിജീവിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. 1992-ൽ സംസ്ഥാനത്ത് ഒരു ജലനയം പ്രഖ്യാപിച്ചെങ്കിലും നിർഭാഗ്യവശാൽ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടർന്ന് നടത്താൻ കഴിഞ്ഞില്ല. അതിനുശേഷം സി.ഡബ്ല്യൂ.ആർ.ഡി.എം. ഒരു കരട് ജലനയത്തിന് രൂപം നൽകിയെങ്കിലും അംഗീകരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് ഒരു കരട് ജലനയം തയ്യാറാക്കിയിട്ടുളളതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിനും ജനകീയ അഭിപ്രായം സ്വരൂപിക്കുന്നതിനും വേണ്ടിയുളള വർക്ക്ഷോപ്പ് ഈ മാസം 29, 30 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച് വിദഗ്ദ്ധരുമായും ജനപ്രതിനിധികളുമായും ചർച്ചചെയ്ത് അംഗീകരിച്ചശേഷം സഭയിൽ സമർപ്പിച്ച് സമഗ്രമായി ചർച്ച ചെയ്യുന്ന

തുമാണ്. സമഗ്രമായ ഒരു ജലവിഭവ നയം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ പരിശ്രമത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുകയാണ്. മുല്ലപ്പെരിയാറിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ, ജീവനക്കാർ തുടങ്ങിയവ ഏർപ്പെടുത്തുകയും പോലീസിനെ വിന്യസിച്ച് സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. 2003-ൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പാസ്സാക്കിയെങ്കിലും അതിന്റെ അടിസ്ഥാനത്തിലുള്ള ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിന് കാലതാമസമുണ്ടായി. എന്നാൽ ഡാം സേഫ്റ്റി അതോറിറ്റി ആക്റ്റിന്റെ പോരായ്മ കാരണം ചെയർമാന് ഭരണപരമായി പ്രവർത്തിക്കാൻ സാങ്കേതിക തടസ്സമുണ്ടായിരുന്നു. തുടർന്ന് 2006 മാർച്ചിൽ ഈ അതോറിറ്റിക്ക് കൂടുതൽ അധികാരാവകാശങ്ങൾ നൽകിക്കൊണ്ട് അമെന്റുമെന്റ് ആക്റ്റ് പാസ്സാക്കി. ഈ ഗവൺമെന്റ് ഓഫീസുകൾ പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കി. ഗവൺമെന്റ് റെഫർ ചെയ്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഡാം സേഫ്റ്റി അതോറിറ്റി ഡാം സന്ദർശിച്ചു. അവരുടെ റിപ്പോർട്ട് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ഡാമും പുതിയ കരാറും തുടങ്ങി നിരവധി ഓപ്ഷൻസ് അടങ്ങിയ നിവേദനം സംസ്ഥാന ഗവൺമെന്റ് പ്രധാനമന്ത്രിക്കും കേന്ദ്ര നിയമമന്ത്രിക്കും കേന്ദ്ര വാട്ടർ റിസോഴ്സസ് മന്ത്രിക്കും കൊടുത്തിട്ടുണ്ട്. 18-8-2006-ൽ ഉണ്ടായ ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ കേരളം ഉയർത്തിയ ആശങ്ക, മാദ്ധ്യമങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒന്നാകെ എടുത്ത താൽപ്പര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കുകയും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി നിവേദക സംഘം കേന്ദ്രത്തിന് മെമ്മോറാണ്ഡം സമർപ്പിക്കുകയും ചെയ്തു. കേരളത്തിന്റെ

പൊതു താൽപ്പര്യമെന്ന നിലയിൽ ഒരുമിച്ചു നിൽക്കാൻ കഴിഞ്ഞതിനാൽ താൽക്കാലിക ആശ്വാസം കൈവരിക്കാൻ കഴിഞ്ഞു. ഇത് സംബന്ധിച്ച തുടർ നടപടികൾക്ക് കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഹഡ്കോ പദ്ധതി സംബന്ധിച്ച് അടുത്ത ആഴ്ചയിൽ ഉന്നതതല യോഗം വിളിച്ച് ചേർത്ത് പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിലെ ഹഡ്കോ പദ്ധതി സംബന്ധിച്ച് ഉന്നതതല അവലോകന യോഗങ്ങൾ ചേർന്ന് അതിലെ സാങ്കേതിക തടസ്സങ്ങൾ കണ്ടെത്തി പരിഹരിച്ച് പ്രവർത്തനം നടക്കുകയാണ്. 2007 ജൂൺ മാസം പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചീക്കോട് ശുദ്ധജല വിതരണ പദ്ധതി ജപ്പാൻ ഗ്രാന്റ്-ഇൻ-എയ്ഡ് സ്കീമിൽ ഉൾപ്പെടുത്തി 70 കോടി രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒക്ടോബർ 8-ന് ജപ്പാൻ ഗവൺമെന്റിന്റെ ഉദ്യോഗസ്ഥർ ഈ പദ്ധതി സംബന്ധിച്ച് വിലയിരുത്തുന്നുണ്ട്. 25 വർഷം മുമ്പ് ആരംഭിച്ചതും ധാരാളം തുക ചെലവഴിച്ചതുമായ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് സംബന്ധിച്ച് അടിയന്തിരമായി വിളിച്ചുചേർക്കുന്ന റിവ്യൂ മീറ്റിംഗിൽ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞാൽ പെട്ടെന്ന് തന്നെ കമ്മിഷൻ ചെയ്യാൻ കഴിയും. മീനച്ചിൽ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഫീസിബിലിറ്റി പുന:പരിശോധിച്ച് ആ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. ഇടമലയാർ പ്രോജക്ട് എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൊല്ലം ജില്ലയിലെ കുടിവെള്ളത്തിന്റെ പ്രധാനപ്പെട്ട ജലസ്രോതസ്സായ ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ പരിരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കുന്നതാണ്. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ തിരുവനന്തപുരം, ചേർത്തല, മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളാണുള്ളത്. രണ്ടാമത്തെ പാക്കേജിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയിലുണ്ടായിരുന്ന ഒന്നും മൂന്നും പാക്കേജുകൾ അംഗീകരിച്ചു. ഒന്നാമത്തെ പാക്കേജിലെ കോഴിക്കോട് ഘടകം അടിയന്തിരമായി റീടെൻഡർ ചെയ്ത് പണി ആരംഭിക്കുന്നതാണ്. ചേർത്തല ഘടകവും അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. 2008-ഓടുകൂടി ജെ.ബി.ഐ.സി. കുടിവെള്ള പദ്ധതി പൂർത്തിയാക്കാൻ കഴിയണമെന്നതാണ് ജെ.ബി.ഐ.സി. നൽകിയിട്ടുള്ള കർക്കശമായിട്ടുള്ള ടൈം ഷെഡ്യൂൾ. തമിഴ്നാടുമായി ചർച്ചചെയ്ത് പി.എ.പി.യുടെ ടേംസ് ആന്റ് കണ്ടീഷൻസ് പുനർനിർണ്ണയിക്കുന്നതാണ്. പി.എ.പി. കരാർ വളരെ നിർണ്ണായക പ്രാധാന്യമുള്ള അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളിലൊന്നാണ്. പി.എപി. കരാർ പുതുക്കി നിശ്ചയിക്കേണ്ട കാലാവധി 2000-ൽ കഴിഞ്ഞതാണ്. കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി നോഡൽ ഏജൻസിയായി നടപ്പിലാക്കുന്നതും ചെലവിന്റെ 70 ശതമാനം വേൾഡ് ബാങ്ക് വായ്പയും 30 ശതമാനം സംസ്ഥാനവും പഞ്ചായത്തും ബെനിഫിഷ്യറിയും ചേർന്ന് വഹിക്കേണ്ട ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതിയായ ജലനിധി പദ്ധതി പഞ്ചായത്തുകളേറ്റെടുക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്. മൂലത്തറ വലതു കനാൽ വേലംതാവളം വരെ നീട്ടണമെന്ന ആവശ്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ജലവിഭവ വകുപ്പിൽ അഴിമതി നടന്നു എന്ന് ആധികാരികമായ രേഖയുടെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെടുത്തിയാൽ അതിനെതിരെ കർക്കശ നടപടികൾ സ്വീകരിക്കാൻ

ഗവൺമെന്റ് സന്നദ്ധമാണ്. മൂന്നാംകടവ് ജലസേചന പദ്ധതിയെ സംബന്ധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കാസർകോട് രണ്ട് സെക്ഷൻ ആഫീസുകളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ജലനയം, വെള്ളക്കരം, ഭാരതപ്പുഴ ഉൾപ്പെടെയുള്ള വിഷയങ്ങൾ എന്നിവ സംബന്ധിച്ച് വന്നിട്ടുള്ള നിർദ്ദേശങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്. വാട്ടർ അതോ റിറ്റിക്ക് നൽകുന്ന ഫണ്ട് വർദ്ധിപ്പിക്കണമെന്ന് ധനകാര്യ മന്ത്രിയോടഭ്യർ ത്ഥിക്കുകയാണ്. ചവറയിൽ അടഞ്ഞു കിടക്കുന്ന പ്രിമോ പൈപ്പ് ഫാക്ടറി തുറന്ന് അതോറിറ്റിക്കാവശ്യമായ പൈപ്പ് നേരിട്ട് ഉൽപാദിപ്പിക്കുന്ന തിനുവേണ്ടി ഒരു പി.വി.സി. പൈപ്പ് ഫാക്ടറി തുടങ്ങുന്നതിനാവശ്യമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അധിക ജല ലഭ്യതയുള്ള സ്ഥലങ്ങളിൽ മിനറൽ വാട്ടർ ബോട്ട്ലിംഗ് പ്ളാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം അവസാന ത്തോടുകൂടി കുടിവെള്ള വിതരണരംഗത്ത് ഒരു പുതിയ കാൽവെയ്പിനുവേണ്ടി ഗവൺമെന്റ് പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഇൻസ്റ്റാൾഡ് കപ്പാസിറ്റി പ്രതിദിനം 1835 ദശലക്ഷം ലിറ്ററാണ്. ഉത്പാദിപ്പിക്കുന്നത് 1486 ദശലക്ഷം ലിറ്റർ വെള്ളമാണ്. അതിൽ വിതരണം ചെയ്യുന്നത് 1101 എം.എൽ.ഡി. വെള്ളമാണ്. പ്രതിവർഷം 44 കോടി രൂപ സംസ്ഥാന വാട്ടർ അതോറിറ്റിക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുടിവെള്ള വിതരണ രംഗത്തെ അനധികൃത ഉപയോഗവും തെഫ്റ്റും നിയന്ത്രിക്കുന്നതിന് കർക്കശ നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമ ഭേദഗതി കൊണ്ടുവരുന്നതാണ്.

ആലുവയിലെ റീജിയണൽ ലാബിനെ റഫറൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്താൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടേയും ജെ.ബി.ഐ.സി.യുടേയും സാമ്പത്തിക സഹായത്തോടെ പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം, മാനേജുമെന്റ് ഇൻഫർമേഷൻ സിസ്റ്റം, എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം, വെബ് സൈറ്റ്, ഇ–മെയിൽ സിസ്റ്റം, വൈഡ് ഏരിയ നെറ്റ്‌വർക്ക്, വീഡിയോ കോൺഫറൻസിംഗ് എന്നീ ആധുനിക സാങ്കേതിക വിദ്യയോടുകൂടി വാട്ടർ അതോറിറ്റിയെ ഒരു വർഷത്തിനുള്ളിൽ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 52 വൻകിട പദ്ധതികളും 100 ചെറുകിട പദ്ധതികളും ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ മാനേജുമെന്റ് ഘടനയിൽ മാറ്റം വരുത്തുന്നതിന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. മെഗാ വാട്ടർ പ്രോജക്ട്സ് എല്ലാം വാട്ടർ അതോറിറ്റിയും ചെറുകിട ജലവിതരണ പദ്ധതികൾ പഞ്ചായത്തുകളും നടപ്പാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. 3 വർഷത്തിനുള്ളിൽ ചെയിൻ മാനേജുമെന്റ് പ്രോഗ്രം പൂർത്തിയാക്കി വാട്ടർ അതോറിറ്റിയെ ഒരു പ്രൊഫഷണൽ ഹൈടെക് ഓർഗനൈസേഷനാക്കി വളർത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു കൺസൾട്ടൻസി വിംഗ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഈ വർഷം തന്നെ നടപ്പാക്കുന്നതാണ്. വാട്ടർ ചാർജ് വർദ്ധനവ് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. അതത് മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ചെയർമാൻമാരായും വാട്ടർ അതോറിറ്റിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സെക്രട്ടറിമാരായും നിയോജക മണ്ഡലാടിസ്ഥാനത്തിൽ

കുടിവെള്ള ഉപദേശക സമിതികൾ രൂപീകരിക്കുന്നതാണ്. നിലവിലുള്ള നിയമം അനുസരിച്ച് റിവർ മാനേജ്മെന്റ് ഫണ്ട് കൈകാര്യം ചെയ്യുന്നത് റവന്യൂ വകുപ്പാണ്. അത് സംബന്ധിച്ച കാര്യങ്ങൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്. കേരള രൂപീകരണത്തിനുശേഷം സംസ്ഥാനത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ള ഡാമുകളൊന്നും ഡീസിൽറ്റ് ചെയ്യപ്പെട്ടിട്ടില്ല. ഈ ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണൽ ഡീസിൽറ്റ് ചെയ്താൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണലും മണ്ണും ലഭിക്കുന്നതോടൊപ്പം ഡാമുകളുടെ വാട്ടർ കപ്പാസിറ്റി വർദ്ധിപ്പിക്കാനും കഴിയുമെന്നതിനാൽ ഇത് അടുത്ത ബഡ്ജറ്റിൽ ഒരു പ്രധാനപ്പെട്ട പ്രോജക്ടായി ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് ആഗ്രഹിക്കുന്നു. ചിറ്റൂർപുഴ, മലമ്പുഴ, കാഞ്ഞിരപ്പള്ളി എന്നീ ജലസേചന പദ്ധതികളുടെ എക്സ്റ്റൻഷനും റിനോവേഷനും മോഡണൈസേഷനും ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. കാരാപ്പുഴ ജലസേചന പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്തു. തൃത്താല, വെള്ളിയാംകല്ല് റഗുലേറ്റർ–കം–ബ്രിഡ്ജ് പൂർത്തിയാക്കി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യും. പഴശ്ശി ഇറിഗേഷൻ പ്രോജക്ടിന്റെ നാലിലൊന്ന് ഭാഗം മാത്രമാണ് ഇപ്പോൾ ഉപയോഗയോഗ്യമായിട്ടുള്ളത്. ബാക്കി ഭാഗം ഉപയോഗരഹിതമായ അവസ്ഥയിലാണ്. നാല് കോടി രൂപ ചെലവഴിച്ച് മണ്ണ് മാറ്റാൻ കഴിഞ്ഞാൽ പഴശ്ശി ഇറിഗേഷൻ പ്രോജക്ട് പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയും. കബനി നദീതടത്തിലെ ജലസേചന പദ്ധതിയുടെ പര്യവേഷണം പൂർത്തീകരിക്കുന്നതു സംബന്ധിച്ച് 34 ടി.എം.സി. വെള്ളം കാവേരി ട്രൈബ്യൂണലിന്റെ അസസ്സ്മെന്റ് റിപ്പോർട്ട് അനുസരിച്ച് കിട്ടാൻ അർഹതയുണ്ട്. 34 ടി.എം.സി. വെള്ളം ഉപയോഗപ്രദമാക്കണമെങ്കിൽ അവിടെ പുതിയ പദ്ധതികൾ

ഉണ്ടാക്കുന്നതിനുള്ള പര്യവേഷണം ആരംഭിക്കണം. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമുള്ള കടൽഭിത്തിയുടെ നിർമ്മാണം നവംബർ മാസത്തോടുകൂടി ആരംഭിക്കും. ആ പ്രോജക്ടിൽ കടലിൽ കല്ലിടുന്നതുൾപ്പെടെ 175 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിലുള്ളത്. പ്രത്യേകമായ ഒരു മോണിറ്ററിംഗ് വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് ആ തുക ഫലപ്രദമായി ചെലവാക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ എല്ലാ നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. തണ്ണീർമുക്കം ബണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 5 കോടി രൂപ സപ്ലിമെന്ററി ഡിമാൻഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫേസ് III പൂർത്തിയാക്കുന്നതിന് 100 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സമർപ്പിച്ചിട്ടുണ്ട്. വേമ്പനാട് കായലിന്റെ പുനരുദ്ധാരണവും പാരിസ്ഥിതിക സംരക്ഷണവും ഉൾപ്പെടെയുള്ള ഒരു വൻകിട പ്രോജക്ട് സംബന്ധിച്ച് കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ആ പദ്ധതി നടപ്പാക്കാൻ കഴിയുമെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായിരിക്കും. അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങളെ ഗൗരവ ബുദ്ധിയോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഭൂഗർഭജല വിതാനത്തിന്റെ ഗുരുതരമായ താഴ്ച ഉൾപ്പെടെയുള്ള ഒട്ടനവധി പ്രശ്നങ്ങളുണ്ട്. റെയിൻ വാട്ടർ ഹാർവെസ്റ്റ്, സർപ്ലസ് വാട്ടർ പ്രൊട്ടക്ഷൻ, ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗ് ഇവ കരട് ജലനയത്തിലെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. ഈ കാര്യങ്ങളൊക്കെ സമഗ്രമായ ചർച്ചയ്ക്ക് സഭയിൽ വിഷയീഭവിപ്പിക്കാൻ വരുംദിവസങ്ങളിൽ അവസരം ലഭിക്കുമെന്ന

പ്രതീക്ഷയോടുകൂടി ഈ ചർച്ചയിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങൾക്കും നന്ദി പ്രകടിപ്പിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): സഭയുടെ ഇരുഭാഗത്തുനിന്നും വന്ന നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. എൽ.ഡി.എഫ് ഗവൺമെന്റിന്റെ നാല് മാസത്തെ ഭരണംകൊണ്ട് ധാരാളം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വനങ്ങൾ ഭാവിക്ക് അവകാശപ്പെട്ട ഒന്നാണെന്നുള്ള കാഴ്ചപ്പാടാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുള്ളത്. വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന നയമാണ് ഈ ഗവൺമെന്റിനുള്ളത്. മാഫിയയുടെ പിടിയിൽ അകപ്പെട്ടുപോകാതെ വനം വകുപ്പിനെ സംരക്ഷിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. റെയ്ഡുകൾ മുഖേന കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ആയിരം കിലോഗ്രാമിലേറെ ചന്ദനം പിടിച്ചെടുത്തു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ 5 വർഷത്തെ ഭരണകാലത്ത് ഭവനനിർമ്മാണ രംഗത്ത് മുരടിപ്പായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നാല് മാസത്തെ ഭരണംകൊണ്ട് പാർപ്പിട രംഗത്തെ സ്തംഭനാവസ്ഥ ഒഴിവാക്കാനുള്ള പ്രാഥമിക നടപടി സ്വീകരിക്കാൻ കഴിഞ്ഞു. "പാവപ്പെട്ടവർക്ക് വീട്"എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ടാസ്ക് ഫോഴ്സിന്റെ സഹായത്തോടുകൂടി തയ്യാറാക്കി പ്രഖ്യാപിക്കാൻ പോകുന്ന പാർപ്പിട നയം കേരളത്തിന്റെ പാർപ്പിട രംഗത്ത് ആശാവഹമായ കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നതാണ്. ഒരു ഗവൺമെന്റിനു മാത്രമായി "എല്ലാവർക്കും വീട്" എന്ന മഹത്തായ ലക്ഷ്യം കൈവരിക്കാൻ കഴിയുകയില്ല. 5 വർഷംകൊണ്ട് പാർപ്പിടം എന്ന

ലക്ഷ്യം എല്ലാവരിലേയ്ക്കും എത്തിക്കാൻ കഴിയുന്ന ഒരു മാർഗ്ഗത്തിൽക്കൂടി മുന്നോട്ടുപോകാനാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഹൗസിംഗ് ബോർഡിന്റെ ധനസ്ഥിതി വളരെ ദയനീയമാണ്. കഴിഞ്ഞ 15 വർഷത്തെ മൈത്രി ഭവന പദ്ധതിയടക്കമുള്ള കാര്യങ്ങളെക്കുറിച്ച് ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നുള്ള നിലപാടിൽ ഗവൺമെന്റ് ഉറച്ച് നിൽക്കുകയാണ്. സൈലന്റ് വാലി പദ്ധതിക്ക് ശാശ്വതമായ സുരക്ഷ ലഭിക്കണമെങ്കിൽ ഒരു ബഫർ സോൺ ആവശ്യമാണെന്നതിനാൽ അത് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. വനം മേഖലയിൽ ജനങ്ങളുടെ പരിപൂർണ്ണമായ സഹകരണം ഉറപ്പാക്കുന്ന വിധത്തിലുള്ള ഒരു വനവൽക്കരണ നയം പ്രാവർത്തികമാക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. അതിന്റെ കരട് രേഖ തയ്യാറാക്കിക്കഴിഞ്ഞു. നവംബർ മാസത്തിൽ വർക്ക് ഷോപ്പ് സംഘടിപ്പിച്ച് എല്ലാവരുടെയും നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് ആ നയത്തെ സമ്പൂർണ്ണമാക്കി മാറ്റി വരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള ശ്രമത്തിലാണ്. തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി വനം-ഫിഷറീസ് വകുപ്പുകൾ സംയുക്തമായി കടലോര പ്രദേശങ്ങളിൽ ബയോ ഷീൽഡ് നിർമ്മിക്കുന്നതാണ്. വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വന സംരക്ഷണ സമിതികളുടേയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനങ്ങളിലൂടെ 8 ലക്ഷം തൊഴിൽ ദിനങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിവരുന്നു. ടൂറിസം, വനം വകുപ്പുകൾ സംയുക്തമായി നടത്തുന്ന 16 ഇക്കോ ടൂറിസം പദ്ധതികൾക്കുപുറമേ 5 പദ്ധതികൾ കൂടി വളരെ വൈകാതെ തന്നെ യാഥാർത്ഥ്യമാക്കുന്നതാണ്. 2006 ഒക്ടോബർ 7, 8, 9 തീയതികളിൽ മൂന്നാറിൽ നടക്കുന്ന നീലക്കുറിഞ്ഞി ഫെസ്റ്റിവലിലേയ്ക്ക് എല്ലാവരേയും

ക്ഷണിക്കുകയാണ്. കേരളത്തിലെ ദേശീയപക്ഷിയായ മയിലുകളുടെ സംരക്ഷണത്തിനായി ചൂഴന്നൂരിൽ ഒരു മയിൽ സാംഗ്ച്വറി സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. മാവൂർ ഗ്വാളിയോർ റയോൺസ് അടച്ചുപൂട്ടിയതിന്റെ ഫലമായി മലബാർ മേഖലയിലെ കാടുകളിൽ അവശേഷിച്ച ഈറ്റയും മുളയും ആദിവാസികൾക്കും പരമ്പരാഗത തൊഴിലാളികൾക്കും പാവപ്പെട്ട ആളുകൾക്കും സൗജന്യ നിരക്കിൽ നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വനം വകുപ്പ് ആലോചിച്ചുവരുന്നു. മലബാർ മേഖലയിൽ ഇത് രണ്ട് മാസത്തിനുള്ളിൽ പ്രാവർത്തികമാക്കുന്നതാണ്. എംപവേർഡ് കമ്മിറ്റി റിപ്പോർട്ട് പല പ്രദേശങ്ങളിലും വികസന ആവശ്യങ്ങൾക്കും കൃഷിക്കാരുടെ ആവശ്യങ്ങൾക്കും പ്രതിബന്ധമുണ്ടാക്കുന്നത് സർക്കാർ വളരെ ഗൗരവമായി കാണുകയാണ്. ഈ കമ്മിറ്റിയുടെ നിലപാടിന്റെ നാനാവശങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, വനങ്ങൾ സംരക്ഷിക്കപ്പെടേണ്ടവയാണെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് ഭംഗം ഉണ്ടാകാൻ പാടില്ലായെന്ന കാഴ്ചപ്പാട് ശരിയാണെന്നും ആ പ്രദേശത്തെ പാവങ്ങളുുടേയും കൃഷിക്കാരുടേയും ആവശ്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന തരത്തിലുള്ള സർക്കാരിന്റെ നിലപാട് ഉചിതമായ രീതിയിൽ എംപവേർഡ് കമ്മിറ്റിയെ അറിയിക്കുന്നതാണ്. എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ക്രമപ്രശ്നം**

<u>മാറാട് കമ്മിഷൻ റിപ്പോർട്ട് സഭയിൽ വയ്ക്കാതെ പരസ്യപ്പെടുത്തിയത് സംബന്ധിച്ച്</u>

ശ്രീ. കെ.സി. ജോസഫ്: മാറാട് കലാപത്തെത്തുടർന്ന് കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് സർക്കാർ ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആറ് മാസ ത്തിനുള്ളിൽ സഭയിൽ സമർപ്പിക്കണമെന്നതാണ് ആക്ടിലെ വ്യവസ്ഥ. കഴിഞ്ഞ മന്ത്രിസഭാ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചതായും ഇത് നിയമസഭയിൽ വയ്ക്കുന്നതാണെന്നും മുഖ്യമന്ത്രി മീഡിയയോട് വെളിപ്പെടുത്തുക യുണ്ടായി. ഈ നിമിഷം വരെ റിപ്പോർട്ട് സഭയിൽ വച്ചിട്ടില്ലെന്നു മാത്രമല്ല, ഇന്നത്തെ വാർത്താ ചാനലുകളിൽ മന്ത്രിസഭാ തീരുമാനത്തിന്റെ മുഴുവൻ വിവരങ്ങളും രാവിലെ മുതൽ റിലേ ചെയ്തുകൊണ്ടിരിക്കുകയുമാണ്. റിപ്പോർട്ട് സഭയിൽ വയ്ക്കാതെ വാർത്താ മാധ്യമങ്ങൾക്ക് ചോർത്തി ക്കൊടുത്ത നടപടി ഈ സഭയോടുള്ള അനാദരവാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മാറാട് കലാപത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് മുൻ ഗവണ്മെന്റ് നിയോഗിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ 2006 ഫെബ്രുവരി 20-നാണ് ഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. അന്നത്തെ മുഖ്യമന്ത്രിയും ഗവൺമെന്റും ആരായിരുന്നു എന്ന കാര്യം പ്രത്യേകം വെളിപ്പെടുത്തേണ്ട കാര്യമില്ല. റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ 6 മാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി സഭയിൽ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. മുമ്പ് നിയോഗിച്ച പല ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകളും ആക്ഷൻ

ടേക്കൺ റിപ്പോർട്ട് ഇല്ലാതെയാണ് സഭയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് എന്നുള്ള ആക്ഷേപം പല പ്രാവശ്യം സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ റിപ്പോർട്ടിൽ കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമായി പ്രതിപാദിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതാണ്. റിപ്പോർട്ട് ലഭിച്ച് ആറ് മാസത്തിനുള്ളിൽ നിയമസഭാ സമ്മേളനം ഇല്ലാതിരുന്ന സാഹചര്യത്തിൽ ഈ സമ്മേളനത്തിൽത്തന്നെ സഭയിൽ വയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിച്ചു കഴിഞ്ഞു. ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ വയ്ക്കാൻ ഉണ്ടായിട്ടുള്ള കാലതാമസം എന്താണെന്നുള്ള വിശദീകരണവും ഉൾപ്പെടെ നാളെത്തന്നെ സഭയിൽ സമർപ്പിക്കുന്നതാണ്. വിവരാവകാശ കമ്മീഷനു മുമ്പാകെ വന്ന ഒരു കേസിൽ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചുകഴിഞ്ഞു മാത്രമേ നൽകാൻ കഴിയുകയുള്ളു എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വാർത്താചാനലുകളിൽ വന്നിട്ടുള്ളത് എന്താണെന്ന് പരിശോധിക്കാം. ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്വാഭാവികമായും ചോദിക്കുന്ന വിശദീകരണങ്ങളുടെ ചില ഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് വാർത്താചാനലുകളും മാധ്യമങ്ങളും നടത്തിയിട്ടുള്ള പ്രസിദ്ധീകരണങ്ങൾ ഖേദകരമാണ്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം

എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും 30-നെതിരെ 78 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു

സഭ വൈകുന്നേരം 4.45-ന് പിരിഞ്ഞു.